# ജല
# സ്നാനം



ആശിഷ് റൈച്ചൂർ

സൗജന്യ വിതരണത്തിനു വേണ്ടി മാത്രമുള്ളത്
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ളൂർ, ഇന്ത്യ.
ആദ്യപതിപ്പിന്റെ അച്ചടി: January 2004
പരിഷ്ക്കരിച്ച പതിപ്പിന്റെ അച്ചടി July 2019
പരിഷ്ക്കരിച്ച ഡിജിറ്റൽ പതിപ്പിന്റെ അച്ചടി: August 2020
മലയാളം വിവർത്തനം: May 2021

ബന്ധപ്പെടേണ്ട വിലാസം:

All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout, 2nd Block,
Kalyan Nagar, Bangalore 560 043 Karnataka, INDIA

Phone: +91-80-25452617
Email: bookrequest@apcwo.org
Website: apcwo.org

നൽകപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ ഉദ്ധരണികളെല്ലാം വിശുദ്ധ വേദപുസ്തകത്തിന്റെ, ന്യൂ കിംഗ് ജെയിംസ് പതിപ്പിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

Copyright © 1982 by Thomas Nelson, Inc., Used by permission. All rights reserved.

ബൈബിൾ നിർവ്വചനങ്ങളും എബ്രായ, ഗ്രീക്ക് പദങ്ങളും അവയുടെ അർത്ഥങ്ങളും താഴെ പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണ്:

Thayer's Greek Definitions. Published in 1886, 1889; public domain.
Strong's Hebrew and Greek Dictionaries, Strong's Exhaustive Concordance by James Strong, S.T.D., LL.D. Published in 1890; public domain.
Vine's Complete Expository Dictionary of Old and New Testament Words, © 1984, 1996, Thomas Nelson, Inc., Nashville, TN.

സാമ്പത്തിക സഹകരണം
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും പങ്കാളികളുടെയും അഭ്യുദയകാംഷികളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾക്ക് പ്രയോജനം ലഭിച്ചു എങ്കിൽ ഓൾ പീപ്പിൾസ് ചർച്ച് സൗജന്യമായി പ്രസിദ്ധീകരിക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്നതിനും വിതരണത്തിനുമായി സാമ്പത്തികമായ സംഭാവനകൾ ഞങ്ങൾ നിങ്ങളിൽ നിന്നും ക്ഷണിക്കുന്നു. നിങ്ങളുടെ സംഭാവനകൾ എങ്ങനെ നൽകാമെന്നതിനെക്കുറിച്ച് ദയവായി apcwo.org/give സന്ദർശിക്കുക. അല്ലെങ്കിൽ ഈ പുസ്തകത്തിന്റെ മറുവശത്തുള്ള ""ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി" എന്ന പുറം കാണുക. നന്ദി!

മെയിലിംഗ് ലിസ്റ്റ്
പ്രസിദ്ധീകരിക്കപ്പെടുന്ന പുതിയ പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കേണ്ടതിന് നിങ്ങളുടെ വിലാസം ഞങ്ങളുടെ പട്ടികയിൽ ചേർക്കുവാൻ നിങ്ങൾ താൽപ്പര്യപ്പെടുന്നുവെങ്കിൽ, താങ്കളുടെ ശരിയായ വിലാസം ഞങ്ങൾക്ക് താഴെപറയുന്ന ഇമെയിലിൽ അയച്ചുതരിക:
bookrequest@apcwo.org

# ജല സ്നാനം

## ഉള്ളടക്കം


ആമുഖം ........................................ 1

1. അനുതാപത്തിന്റെ ഒരു അടയാളം ........................................ 2

2. സകല നീതിയുടെയും നിറവേറ്റൽ ........................................ 5

3. ഒരു ശിഷ്യനാകാനുള്ള ക്ഷണം ........................................ 9

4. യേശുക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തിന്റെ ഒരു സാക്ഷ്യം ........................................ 13

5. നിങ്ങൾ യേശുവിന്റെ ഒപ്പമാണെന്നതിന്റെ ഒരു പ്രഖ്യാപനം ........................................ 16

6. നല്ല മനസ്സാക്ഷിയുടെ പ്രതിഭാഷണം ........................................ 19

7. സാധാരണയായി ചോദിക്കാവുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം ........................................ 21

# ആമുഖം

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ ഒരു പ്രധാന അനുഭവമാണ് ജലസ്നാനം. യേശുക്രിസ്തുവിനെ വിശ്വസിക്കാനും അനുഗമിക്കാനും തീരുമാനമെടുത്ത നാമെല്ലാവരും ഒരു ഘട്ടത്തിൽ ഈ സുപ്രധാന നടപടി കൈക്കൊള്ളും. കർത്താവായ യേശുക്രിസ്തു തന്നെ അനുഗമിക്കാൻ തിരഞ്ഞെടുക്കുന്ന ഏവർക്കും നൽകിയ കൽപ്പനയാണ് ജല സ്നാനം. അതിനാൽ ഈ കല്പന അനുസരിക്കണം. ജല സ്നാനം സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകുമ്പോൾ ജലസ്നാനത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കാൻ ദൈവവചനത്തിൽ നിന്നുള്ള ലളിതമായ പഠനം സഹായിക്കും.

ജലസ്നാനവുമായി ബന്ധപ്പെട്ട ആറ് പ്രധാന സത്യങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു:

1. അനുതാപത്തിന്റെ ഒരു അടയാളം,
2. സകല നീതിയുടേയും നിറവേറ്റൽ,
3. നിങ്ങൾ അവന്റെ ശിഷ്യനാണെന്നതിന്റെ സാക്ഷ്യം,
4. യേശുക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തിന്റെ സാക്ഷ്യം,
5. നിങ്ങൾ യേശുവിനോടൊപ്പമാണെന്നതിന്റെ ഒരു പ്രഖ്യാപനം,
6. നല്ല മനസ്സാക്ഷിയുടെ പ്രതിഭാഷണം

ജലസ്നാനത്തെക്കുറിച്ച് ആളുകൾ ചോദിക്കുന്ന മറ്റ് ചോദ്യങ്ങൾക്കും ഞങ്ങൾ ഉത്തരം നൽകുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!
ആശിഷ് റൈച്ചൂർ

# 1. അനുതാപത്തിന്റെ ഒരു അടയാളം

പുതിയനിയമത്തിൽ, ജലസ്നാനം പ്രഖ്യാപിക്കുകയും ആളുകളെ സ്നാനപ്പെടുത്തുകയും ചെയ്ത ആദ്യത്തെ വ്യക്തി യോഹന്നാൻ സ്നാപകനായിരുന്നു. യേശുക്രിസ്തുവിന്റെ മുന്നോടിയായി യോഹന്നാൻ വന്നു. യേശുവിന്റെ ശുശ്രൂഷയ്ക്കായി ആളുകളെ ഒരുക്കുക, യേശുക്രിസ്തുവിനെ ലോകത്തിന് പരിചയപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ചുമതല.

**മർക്കോസ് 1:4-5**
**4 യോഹന്നാൻ വന്നു മരുഭൂമിയിൽ സ്നാനം (ഗ്രീക്കിൽ ബാപ്റ്റിസോ) കഴിപ്പിച്ചും പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം (ഗ്രീക്കിൽ ബാപ്റ്റിസ്മോ) പ്രസംഗിച്ചുംകൊണ്ടിരുന്നു.**
**5 അവന്റെ അടുക്കൽ യെഹൂദ്യദേശം ഒക്കെയും യെരൂശലേമ്യർ എല്ലാവരും വന്നു തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം ഏറ്റു.**

യോഹന്നാന്റെ സ്നാനം മാനസാന്തരത്തിന്റെ സ്നാനമായിരുന്നു. ഇതിനർത്ഥം മാനസാന്തരപ്പെട്ടവർ വന്നു യോഹന്നാനാൽ സ്നാനമേറ്റു എന്നാണ്.

"മാനസാന്തരം," "അനുതാപം" എന്നീ വാക്കുകൾ ഗ്രീക്ക് പദമായ 'മെറ്റാനോയ' യിൽ നിന്നാണ് വന്നത്, അതിന്റെ അർത്ഥം "മനസ്സിന്റെയോ ഉദ്ദേശ്യത്തിന്റെയോ മാറ്റം" എന്നാണ്, ഒപ്പം എല്ലായ്പ്പോഴും മെച്ചപ്പെട്ട ഒരു മാറ്റം ഉൾപ്പെടുന്നു. പുതിയനിയമത്തിൽ, മാനസാന്തരത്തിന് നമ്മുടെ പാപത്തിൽ നിന്നും പാപകരമായ വഴികളിൽ നിന്നുമുള്ള മനസ്സിന്റേയും നമ്മുടെ ഉദ്ദേശത്തിന്റേയും മാറ്റവും ദൈവത്തിലേക്കുള്ള തിരിവും, അവന്റെ വഴികൾ സ്വീകരിക്കാൻ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.

മാനസാന്തരത്തെ യോഹന്നാൻ ആദ്യമായി അവതരിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തപ്പോൾ,

- ✓ പാപങ്ങളുടെ ഏറ്റുപറച്ചിൽ (മർക്കോസ് 1:5). ഇതിനർത്ഥം അവർ ദൈവമുമ്പാകെ തങ്ങളുടെ തെറ്റ് തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്തു.
- ✓ മാനസാന്തരത്തിന് അർഹമായ ഫലം കായ്ക്കുക (ലൂക്കോസ് 3:8). ഇതിനർത്ഥം അവരുടെ ജീവിതരീതിയിലെ മാറ്റം അവരുടെ മാനസാന്തരത്തിന് തെളിവാകുന്നു എന്നാണ് (ലൂക്കോസ് 3:11–14).

അതിനാൽ, ആദ്യം അത് മനസ്സിലെ ഒരു മാറ്റമായിരുന്നു (ചിന്താ രീതി) പിന്നീട് ജീവിതത്തിലെ ഒരു മാറ്റം (ജീവിതരീതി) ആകുന്നു.

"സ്നാനം"അല്ലെങ്കിൽ "സ്നാനമേൽക്കുക" എന്നീ പദങ്ങൾ ഗ്രീക്ക് പദമായ 'ബാപ്റ്റിസോ' എന്നതിൽ നിന്നാണ് വന്നത്, മുങ്ങുക, നിമജ്ജനം ചെയ്യുക, ആഴ്ത്തുക, ആമഗ്നനാക്കുക, വെള്ളത്തിൽ മുങ്ങി ശുദ്ധീകരിക്കുക" എന്നൊക്കെയാണ് അതിന്റെ അർഥം. സ്നാനം എന്നറിയപ്പെടുന്ന സ്നാനപ്പെടുത്തുന്ന പ്രവർത്തി ഗ്രീക്ക് പദമായ ബാപ്റ്റിസ്മോയിൽനിന്നാണ് വന്നത് "നിമജ്ജനം, മുങ്ങൽ" എന്നൊക്കെയാണ് അർഥം. വാക്കുകളുടെ അർത്ഥത്തിൽ നിന്നും, പുതിയനിയമത്തിലെ സ്നാന രീതികളിൽ നിന്നും, ജലസ്നാനത്തിന്റെ ആത്മീയ

പ്രാധാന്യത്തിൽ നിന്നും (ഈ പഠനത്തിൽ നാം പിന്നീട് പഠിക്കും) ഒരു വ്യക്തി ജലത്തിൽ സ്നാനമേൽക്കുമ്പോൾ, പൂർണ്ണമായും ജലത്തിൽ മുങ്ങുകയോ ജലത്തിൽ നിമജ്ജനം ചെയ്യുകയോ ചെയ്യുന്നു. പുതിയനിയമത്തിലെ ജലസ്നാനം ഒരു വ്യക്തിയുടെമേൽ വെള്ളം തളിക്കുകയല്ല, മറിച്ച് വ്യക്തിയെ ജലത്തിൽ പൂർണമായും മുക്കുക എന്നതാണ്.

## മാനസാന്തരപ്പെട്ടു വിശ്വസിക്കുക

മാനസാന്തരത്തിന്റെ സന്ദേശം ദൈവ രാജ്യത്തിന്റെ സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ട്. ദൈവരാജ്യത്തിലേക്കുള്ള ഒരു ക്ഷണത്തോടൊപ്പമായിരുന്നു.

**മർക്കോസ് 1:14-15**
**14 എന്നാൽ യോഹന്നാൻ തടവിൽ ആയശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു:**
**15 കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നു പറഞ്ഞു.**

പൗലോസ് അപ്പൊസ്തലൻ പിന്നീട് എഫെസൊസിലെ ജനങ്ങളോട് വിശദീകരിച്ചതുപോലെ:

**അ.പ്രവർത്തികൾ 19:4**
**അതിന്നു പൌലൊസ്: യോഹന്നാൻ മനസാന്തരസ്നാനമത്രേ കഴിപ്പിച്ചു തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു ജനത്തോടു പറഞ്ഞു എന്നു പറഞ്ഞു.**

അതിനാൽ ആദ്യം നമുക്ക് മാനസാന്തരമുണ്ട്, അത് മനസ്സിലും നമ്മുടെ ഉദ്ദേശത്തിലും മാറ്റം വരുത്തുന്നു. നമ്മുടെ സ്വന്തം വഴികൾ പരാജയപ്പെട്ടതായി നാം മനസ്സിലാക്കുന്നു. പാപത്തിന്റെ വഴി, ലോകത്തിന്റെ വഴി, അന്ധകാരത്തിന്റെ വഴി, അല്ലെങ്കിൽ നാം പിന്തുടരുന്നതൊന്നും നമ്മെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നില്ല. നമ്മുടെ വഴികളെക്കുറിച്ചു നമുക്ക് ഒരു മനം മാറ്റമുണ്ടാകുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കാനും അവിടുന്ന് നമുക്കു നൽകുന്ന രക്ഷയുടെ സൗജന്യ ദാനം സ്വീകരിക്കാനും അവന്റെ മഹത്തായ പ്രകാശരാജ്യത്തിൽ പ്രവേശിക്കാനും നാം തിരഞ്ഞെടുക്കുന്നു. യേശുക്രിസ്തുവിനും അവന്റെ രാജ്യത്തിനും അനുസരിച്ച് നാം ഇപ്പോൾ നമ്മുടെ ചിന്തകളെ സമന്വയിപ്പിക്കുന്നു. നമ്മൾ അനുതപിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

## അനുതപിക്കുക, വിശ്വസിക്കുക, സ്നാനപ്പെടുക

**മർക്കോസ് 16:15-16**
**15 പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.**
**16 വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.**

**അ.പ്രവർത്തികൾ 2:38,41**
**38 പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.**
**41 അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു.**

യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിച്ചുകഴിഞ്ഞാണ് നാം സ്നാനമേൽക്കുന്നത്. പാപമോചനത്തിനും രക്ഷയ്ക്കുമായി മാനസാന്തരവും യേശുക്രിസ്തുവിലുള്ള വിശ്വാസവും ജലസ്നാനത്തിനുള്ള മുൻവ്യവസ്ഥയാണ്.

നാം മാനസാന്തരപ്പെടുകയും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്യുമ്പോൾ നാം പാപത്തിൽ നിന്നും അതിന്റെ അനന്തരഫലങ്ങളിൽ നിന്നും രക്ഷിക്കപ്പെടുന്നു. നരകത്തിൽ നിത്യമായി ദൈവത്തിൽ നിന്ന് വേർപെടുന്നതിനുപകരം, നാം ദൈവമക്കളായിത്തീർന്നു, നിത്യനാശത്തിൽ നിന്ന് രക്ഷിക്കപ്പെട്ടു, രക്ഷ നേടി, അവന്റെ രാജ്യത്തിന്റെ ഭാഗമാകുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ കൃപയാൽ നാം രക്ഷിക്കപ്പെടുന്നു (എഫെസ്യർ 2:8). നിത്യജീവൻ ദൈവത്തിന്റെ ദാനമാണ്, നാം നേടിയതല്ല (റോമർ 6:23). കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നാം രക്ഷിക്കപ്പെടുന്നു (പ്രവൃ. 16:31; റോമർ 10:13).

നമ്മുടെ രക്ഷയുടെ അനുഭവത്തെതുടർന്ന് നാം ചെയ്യുന്ന ഒന്നാണ് ജലസ്നാനം. മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്താൽ നമുക്ക് ലഭിച്ച രക്ഷയുടെ പ്രകടനമാണിത്.

## പ്രതിഫലനം

1. “മാനസാന്തര” ത്തിന്റെ അർത്ഥമെന്താണ്?
2. സ്നാനം (baptize) എന്ന വാക്കിന്റെ അർത്ഥമെന്താണ്?
3. ഒരു വ്യക്തി ജല സ്നാനം സ്വീകരിക്കുന്നതിന് മുമ്പ് ആ വ്യക്തിയിൽ എന്ത് സംഭവിക്കണം?
4. ജലസ്നാനത്തിനുള്ള മുൻവ്യവസ്ഥകൾ നിങ്ങൾ പാലിച്ചിട്ടുണ്ടോ?

# 2. സകല നീതിയുടെയും നിറവേറ്റൽ

മാനസാന്തര സ്നാനം പ്രഖ്യാപിച്ചുകൊണ്ട് യോഹന്നാൻ സ്നാപകൻ തന്റെ ശുശ്രൂഷ ആരംഭിച്ചതിനുശേഷം, കർത്താവായ യേശുക്രിസ്തു, ജല സ്നാനം സ്വീകരിക്കാൻ യോഹന്നാൻ സ്നാപകന്റെ അടുക്കൽ വന്നു എന്നത് വളരെ രസകരമാണ്. മാനസാന്തരപ്പെടാൻ കർത്താവായ യേശുവിന് ഒരു പാപവുമില്ല. അവൻ പാപരഹിതനും പരിപൂർണ്ണനുമായിരുന്നു, പിതാവിനോടുള്ള അനുസരണത്തിൽ ഓരോ നിമിഷവും ജീവിച്ചു. ലോകത്തിന്റെ മുഴുവൻ പാപങ്ങളും നീക്കാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടാണ് അവൻ. പിന്നെ എന്തുകൊണ്ടാണ് യേശു ജല സ്നാനം സ്വീകരിച്ചത്?

യേശു ജല സ്നാനം സ്വീകരിച്ചതിന്റെ രണ്ട് കാരണങ്ങൾ തിരുവെഴുത്തിൽ കാണാം.

## ക്രിസ്തു ആരാണെന്നു ചൂണ്ടിക്കാണിക്കാൻ

**യോഹന്നാൻ 1:29-34**
**29 പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു: ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു;**
**30 എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നതുകൊണ്ടു എനിക്കു മുമ്പനായി തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ.**
**31 ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും അവൻ യിസ്രായേലിന്നു വെളിപ്പെടേണ്ടതിന്നു ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.**
**32 യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞതു: ആത്മാവു ഒരു പ്രാവുപോലെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്നതു ഞാൻ കണ്ടു; അതു അവന്റെ മേൽ വസിച്ചു.**
**33 ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു: ആരുടെമേൽ ആത്മാവു ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു.**
**34 അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നേ എന്നു സാക്ഷ്യം പറകയും ചെയ്തിരിക്കുന്നു.**

ലോക രക്ഷകനായ മിശിഹായെ യോഹന്നാൻ സ്നാപകൻ ചൂണ്ടിക്കാണിക്കുകയായിരുന്നു. ദൈവം യോഹന്നാന് ജല സ്നാനത്തിനുള്ള നിർദ്ദേശം നൽകിയത് മാനസാന്തരത്തിന്റെ അടയാളമായി മാത്രമല്ല, ദൈവ കുഞ്ഞാടിനെ ഇസ്രായേലിനും ലോകത്തിനും വെളിപ്പെടുത്താനുള്ള മുഖാന്തരമായി കൂടിയായിരുന്നു. അവൻ തന്റെ അടുക്കൽ വരികയും സ്നാനം സ്വീകരിക്കുകയും മാത്രമല്ല, ദൈവാത്മാവ് ഇറങ്ങിവന്ന് അവന്റെമേൽ ആവസിക്കും. ഇത് യോഹന്നാനുള്ള "ഇതാണ് അവൻ" എന്നതിന്റെ അടയാളമായിരിക്കും. അതിനാൽ, യേശു വെള്ളത്തിൽ സ്നാനമേറ്റതിന്റെ ആദ്യ കാരണം ഇതാണ്. യേശുവാണ് ദൈവപുത്രനെന്ന് ചൂണ്ടിക്കാണിക്കാനും പ്രഖ്യാപിക്കുവാനും പിതാവായ ദൈവം ഇത് യോഹന്നാന് ഒരു അടയാളമായി നൽകുകയായിരുന്നു.

ഇത് യോഹന്നാന്റെ വീക്ഷണകോണിൽ നിന്നുള്ള കാര്യമാണ്.

യേശു മുഴുകൽ സ്നാനമേറ്റു എന്നതും ശ്രദ്ധേയമാണ്. യേശു യോർദ്ദാൻ നദിയിൽ സ്നാനമേറ്റു. യേശു വെള്ളത്തിൽ മുങ്ങുകയും വെള്ളത്തിൽ നിന്ന് പൊങ്ങുകയും ചെയ്തുവെന്ന് വ്യക്തം. മത്തായിയുടെ സുവിശേഷത്തിൽ ഇത് എളുപ്പത്തിൽ കാണാൻ കഴിയും: "യേശു സ്നാനം ഏറ്റ ഉടനെ (അതായത് മുങ്ങിയപ്പോൾ) വെള്ളത്തിൽനിന്നു കയറി അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു" (മത്തായി 3:16).

## സകല നീതിയും നിറവേറ്റുന്നതിന്

യേശുവിന്റെ വീക്ഷണകോണിൽ നിന്ന് കാര്യങ്ങൾ കാണുന്നത് രസകരമാണ്. യോഹന്നാൻ സ്നാപകനാൽ യേശു സ്നാനമേറ്റത് എന്തുകൊണ്ടാണ്? യോഹന്നാൻ മാനസാന്തരത്തിന്റെ സ്നാനം പ്രസംഗിക്കുന്നുവെന്ന് യേശുവിന് പൂർണമായി അറിയാമായിരുന്നിട്ടും, യേശുവിനു മാനസാന്തരപ്പെടാൻ ഒന്നുംതന്നെയില്ലെങ്കിലും യേശുവിനെ ഇത് ചെയ്യാൻ പ്രേരിപ്പിച്ചത് എന്താണ്?

യോർദ്ദാൻ നദിയിൽ യേശു യോഹന്നാൻ സ്നാപകനെ സമീപിച്ചപ്പോൾ സംഭവിച്ചത് ഇതാണ്.

**മത്തായി 3:13-17**
**13 അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ ഗലീലയിൽ നിന്നു യോർദ്ദാൻ കരെ അവന്റെ അടുക്കൽ വന്നു.**
**14 യോഹന്നാനോ അവനെ വിലക്കി: നിന്നാൽ സ്നാനം ഏല്ക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു.**
**15 യേശു അവനോടു: "ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകലനീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു"; എന്നാറെ അവൻ അവനെ സമ്മതിച്ചു.**
**16 യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു;**
**17 ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി.**

യേശു വെള്ളത്തിൽ സ്നാനം സ്വീകരിക്കാൻ മുന്നോട്ടുവന്നപ്പോൾ യോഹന്നാൻ സ്നാപകന് അസാധാരണമായ ഒരു അനുഭവമുണ്ടായി. അവൻ യോഹന്നാന്റെ അടുത്തേക്കു വരുന്നതു കണ്ടപ്പോൾ "ഇവനാണ്" എന്ന തിരിച്ചറിവ് പെട്ടെന്നുണ്ടായി. ഇത് അസാധാരണമായിരുന്നു. ആത്മാവ് പ്രാവിനെപ്പോലെ ഇറങ്ങുന്നത് യോഹന്നാൻ ഇതുവരെ കണ്ടിട്ടില്ല. സ്വർഗത്തിൽ നിന്നുള്ള ശബ്ദം ഇതുവരെ മുഴങ്ങിയതായി കേട്ടിട്ടില്ല. എന്നിട്ടും ഇത് സ്നാനമേൽക്കാൻ വരുന്ന സാധാരണ ഒരാൾ മാത്രമല്ലെന്ന് യോഹന്നാന് അറിയാമായിരുന്നു. ഇതാണ് ദൈവത്തിന്റെ കുഞ്ഞാട്, യോഹന്നാന്റെ ശുശ്രൂഷയുടെ മുഴുവൻ കാരണവും. ഇത് തന്നെയാണെന്ന് യോഹന്നാന് അറിയാമായിരുന്നു.

അതിനാൽ, യേശുവിനെ സ്നാനപ്പെടുത്താൻ യോഹന്നാൻ വിമുഖനായി. എന്നാൽ യോഹന്നാൻ സ്നാപകനോട് തന്നെ സ്നാനപ്പെടുത്താൻ യേശു അഭ്യർത്ഥിച്ചു, അങ്ങനെ അവർക്ക് "സകല നീതിയും നിറവേറ്റാൻ" കഴിയും, പിതാവിന്റെ ദൃഷ്ടിയിൽ ശരിയായത് ചെയ്യാൻ കഴിയും, പിതാവ് ആഗ്രഹിച്ചതെല്ലാം ആ നിമിഷം ചെയ്യാൻ കഴിയും.

പാപത്തിൽ നിന്നുള്ള മാനസാന്തരത്തേക്കാൾ "വലുതായ"പലതും ജല സ്നാനത്തിൽ ഉണ്ടായിരുന്നു. പാപരഹിതനായ ദൈവപുത്രൻ, ദൈവത്തിന്റെ കുഞ്ഞാട് പോലും അതിലേക്ക് കാലെടുത്തുവയ്ക്കാൻ ആഗ്രഹിച്ചു. ദൈവഹിതം ഭൂമിയിൽ നിറവേറുന്നതിന്റെ പ്രകടനമായിരുന്നു അത്. ദൈവേഷ്ടത്തോട് അതെയെന്ന് പറയുന്നവർ, ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകേണ്ടതിനു", ദൈവത്തോടുള്ള "ശെരി" യുടെ പ്രകടനമായി ജലസ്നാനത്തിലേക്ക് കാലെടുത്തുവയ്ക്കും.

യേശുവിനെപ്പോലെ, നിങ്ങൾ വെള്ളത്തിൽ സ്നാനം സ്വീകരിക്കുമ്പോൾ, നിങ്ങൾ എല്ലാ നീതിയും നിറവേറ്റുന്നു. പിതാവിന്റെ ദൃഷ്ടിയിൽ നിങ്ങൾ ചെയ്യുന്നത് ശരിയാണ്. നിങ്ങൾ ദൈവഹിതം ചെയ്യുന്നു. നിങ്ങളുടെ ജീവിതത്തിൽ പൂർണമാകുന്ന ദൈവേഷ്ടത്തോടും നിങ്ങളിലൂടെ ഭൂമിയിൽ സ്ഥാപിതമാകുന്ന ദൈവരാജ്യത്തോടും നിങ്ങൾ "അതെ" എന്ന് പറയുന്നു.
ദൈവം തന്റെ ഹിതത്തോടുള്ള അനുസരണത്തിന് പ്രതിഫലം നൽകുന്നു. നിങ്ങൾ ജലസ്നാനത്താൽ ദൈവത്തെ അനുസരിക്കുമ്പോൾ അവനിൽ നിന്ന് പ്രതിഫലം പ്രാപിക്കാനുള്ള യോഗ്യത നിങ്ങൾ നേടുന്നു. തന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർക്ക് ദൈവം പ്രതിഫലം കൊടുക്കുന്നു (എബ്രായർ 11:6).

## ദൈവഹിതം നിരസിക്കുന്നു

മാനസാന്തര സ്നാനത്തെക്കുറിച്ചുള്ള സന്ദേശം പ്രസംഗിക്കാൻ യോഹന്നാൻ സ്നാപകൻ വന്നപ്പോൾ സാധാരണക്കാർ വളരെ സന്തോഷത്തോടെ അവന്റെ സന്ദേശം സ്വീകരിച്ചു. എന്നാൽ, മതനേതാക്കളും മഹാപുരോഹിതന്മാരും പരീശന്മാരും ശാസ്ത്രിമാരും യോഹന്നാൻ സ്നാപകന്റെ സന്ദേശം സ്വീകരിക്കാൻ വിസമ്മതിച്ചു.
അതിനാൽ, യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് യേശു മതനേതാക്കളോട് ചോദിച്ചപ്പോൾ, അവർ ഉത്തരം പറയാൻ വിസമ്മതിച്ചു, "ഞങ്ങൾക്ക് അറിയില്ല" എന്ന് പറഞ്ഞു.

**മർക്കോസ് 11:30-33എ**
**30 യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽനിന്നോ ഉണ്ടായതു? എന്നോടു ഉത്തരം പറവിൻ എന്നു പറഞ്ഞു.**
**31 അവർ തമ്മിൽ ആലോചിച്ചു: സ്വർഗ്ഗത്തിൽ നിന്നു എന്നു പറഞ്ഞാൽ പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞതു എന്തു എന്നു അവൻ പറയും.**
**32 മനുഷ്യരിൽ നിന്നു എന്നു പറഞ്ഞാലോ-എല്ലാവരും യോഹന്നാനെ സാക്ഷാൽ പ്രവാചകൻ എന്നു എണ്ണുകകൊണ്ടു അവർ ജനത്തെ ഭയപ്പെട്ടു.**
**33 അങ്ങനെ അവർ യേശുവിനോടു: ഞങ്ങൾക്കു അറിഞ്ഞുകൂടാ എന്നു ഉത്തരം പറഞ്ഞു.**

എന്നാൽ മാനസാന്തരത്തിലേക്കുള്ള ഒരു ആഹ്വാനവും മാനസാന്തരത്തിന്റെ അടയാളമായുള്ള സ്നാനത്തെക്കുറിച്ചുള്ള യോഹന്നാന്റെ സന്ദേശം സ്വീകരിക്കാൻ അവർ വിസമ്മതിച്ചത് ദൈവഹിതത്തെ നിരസിക്കലായിരുന്നു.

**ലൂക്കോസ് 7:29-30**
**29 എന്നാൽ ജനം ഒക്കെയും ചുങ്കക്കാരും കേട്ടിട്ടു യോഹന്നാന്റെ സ്നാനം ഏറ്റതിനാൽ ദൈവത്തെ നീതീകരിച്ചു.**
**30 "എങ്കിലും പരീശന്മാരും ന്യായശാസ്ത്രിമാരും അവനാൽ സ്നാനം ഏൽക്കാതെ ദൈവത്തിന്റെ ആലോചന തങ്ങൾക്കു വ്യർത്ഥമാക്കിക്കളഞ്ഞു-**

ഇന്ന്, നാം മാനസാന്തരപ്പെടുമ്പോൾ, യേശുക്രിസ്തുവിൽ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുമ്പോൾ നാം ദൈവഹിതം ചെയ്യുന്നു. നമ്മെക്കുറിച്ചുള്ള ദൈവഹിതം നാം സ്വീകരിക്കുന്നു. നാം സകല നീതിയും പൂർത്തീകരിക്കുന്നു, ദൈവസന്നിധിയിൽ ശരിയായതെല്ലാം ചെയ്യുന്നു. നമ്മുടെ ജീവിതത്തിൽ പൂർണമാകുന്ന ദൈവഹിതത്തോട് നാം "അതെ" എന്ന് പറയുന്നു. ദൈവരാജ്യം നമ്മിലൂടെ ഭൂമിയിൽ വെളിപ്പെടുന്നതിനോട് നാം "അതെ" എന്ന് പറയുന്നു.

പ്രതിഫലനം

1. യേശു യോഹന്നാൻ സ്നാപകനാൽ ജലത്തിൽ സ്നാനമേൽക്കാൻ പോയത് എന്തുകൊണ്ട്?
2. ഈ അധ്യായത്തിൽ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ, നിങ്ങൾ ജലത്തിൽ സ്നാനമേൽക്കുമ്പോൾ, നിങ്ങൾ എന്താണ് പ്രകടിപ്പിക്കുന്നത്?
3. നിങ്ങൾ അവന്റെ ശിഷ്യരാണെന്നതിന്റെ സാക്ഷ്യം

## 3. ഒരു ശിഷ്യനാകാനുള്ള ക്ഷണം

### ഒരു ശിഷ്യനാകുന്നതിനുള്ള ക്ഷണം

ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷയ്ക്കിടെ, വലിയ ജനക്കൂട്ടം യേശുവിൽ നിന്ന് കേൾക്കാനും രോഗശാന്തിയും അത്ഭുതങ്ങളും കാണുവാനും സ്വീകരിക്കാനുമായി വന്നു. എന്നാൽ കർത്താവായ യേശു ജനങ്ങളെ താൻ പറയുന്നത് കേൾക്കുവാനും അദ്ഭുതങ്ങൾ സ്വീകരിക്കുവാനും മാത്രമല്ല തന്റെ ശിഷ്യരാകാനും കൂടിയാണ് വിളിച്ചത്. തന്റെ ശിഷ്യനായിരിക്കുകയെന്നതിന്റെ അർത്ഥമെന്താണെന്നും അതിനു അവർ എന്ത് വിലകൊടുക്കണമെന്നും അവൻ ആളുകളെ പഠിപ്പിച്ചു. ഇത് എളുപ്പമുള്ളതല്ലതെങ്കിലും എല്ലാവരേയും താൻ ക്ഷണിച്ചു. ആർക്കും അവന്റെ ശിഷ്യനാകാനുള്ള തിരഞ്ഞെടുപ്പ് നടത്താം.

തന്റെ ശിഷ്യനായിരിക്കുക എന്നതിന്റെ അർത്ഥത്തെക്കുറിച്ച് യേശു പറഞ്ഞ ചില കാര്യങ്ങൾ ഇതാ:

1. എല്ലാ ശിഷ്യന്മാരുടെയും ലക്ഷ്യം അവരുടെ ഗുരുവും യജമാനനുമായ യേശുക്രിസ്തുവിനെപ്പോലെ ആകുക എന്നതാണ് (മത്തായി 10:25).
2. യജമാനൻ ചെയ്തതുപോലെ പരിഹാസവും തെറ്റായ ആരോപണവും പീഡനവും നേരിടാൻ ശിഷ്യന്മാർ തയ്യാറാകണം (മത്തായി 10:25).
3. ശിഷ്യന്മാർ തങ്ങളുടെ യജമാനനെക്കാൾ വലിയവരല്ല (മത്തായി 10:24), അതായത് ശിഷ്യന്മാർ തങ്ങളുടെ യജമാനൻ നടന്ന വഴിയിലൂടെ തന്നെ നടക്കണം. ശിഷ്യന്മാർക്ക് കുറുക്കുവഴികളൊന്നുമില്ല.
4. ശിഷ്യന്മാർക്ക് സമഗ്രവും സമ്പൂർണവുമായ പരിശീലനം ലഭിക്കുമ്പോൾ അവർ തങ്ങളുടെ യജമാനനെപ്പോലെയാകും (ലൂക്കോസ് 6:40).
5. ശിഷ്യന്മാർ വിശ്വസിക്കുകയും തങ്ങളുടെ യജമാനന്റെ വചനത്താൽ ജീവിക്കുകയും ചെയ്യുന്നു (യോഹന്നാൻ 8:31).
6. ശിഷ്യന്മാർക്ക് യജമാനനോടുള്ള സ്നേഹം മറ്റേതൊരു ഭൗമിക ബന്ധത്തോടും ഉള്ള സ്നേഹത്തേക്കാൾ വലുതായിരിക്കണം (ലൂക്കോസ് 14:26).
7. ശിഷ്യന്മാർ ദിവസവും തങ്ങളുടെ ക്രൂശ് വഹിക്കണം (ലൂക്കോസ് 14:27). ക്രൂശ് കഷ്ടതയുടെയും വേർപിരിയലിന്റെയും ത്യാഗത്തിന്റെയും ജീവിതത്തെ പ്രതിനിധീകരിക്കുന്നു.
8. ശിഷ്യന്മാർ തങ്ങളുടെ യജമാനനുവേണ്ടി എല്ലാവരെയും ഉപേക്ഷിക്കണം (ലൂക്കോസ് 14:33). ഇതിനർത്ഥം, ശിഷ്യന്മാർക്ക് അവരുടെ യജമാനനോടുള്ള സ്നേഹം ഈ ലോകത്തിലെ മറ്റെന്തിനെക്കാളും ഉള്ള സ്നേഹത്തേക്കാളും വാത്സല്യത്തേക്കാളും വലുതാണ്.
9. നാം യേശുവിന്റെ ശിഷ്യന്മാരാണെന്ന് മറ്റുള്ളവർ അറിയുന്നത് നമ്മുടെ ജീവിതത്തിലൂടെ നാം കാണിക്കുന്ന സ്നേഹത്തിലൂടെയാണ് (യോഹന്നാൻ 13:35).

10. ശിഷ്യന്മാർ വളരെയധികം ഫലം പുറപ്പെടുവിക്കും, അങ്ങനെ അവരുടെ ജീവിതത്തിലൂടെ പിതാവ് മഹത്വപ്പെടും (യോഹന്നാൻ 15: 8).
11. യേശു ചെയ്തതുപോലെ രോഗശാന്തി, അത്ഭുതങ്ങൾ, വിടുതൽ എന്നീ പ്രവൃത്തികൾ ശിഷ്യന്മാരും ചെയ്യും (മത്തായി 10:1; യോഹന്നാൻ 14:12).

## ശിഷ്യന്മാർക്കുള്ള ജലസ്നാനം

യേശുക്രിസ്തുവിന്റെ സന്ദേശവും ശുശ്രൂഷയും സ്വീകരിച്ച് യേശുവിനെ അനുഗമിക്കാൻ തയ്യാറായ ആളുകളെ യേശുവിന്റെ ശിഷ്യന്മാർ സ്നാനപ്പെടുത്തി. മതനേതാക്കന്മാർ ശ്രദ്ധിക്കുകയും യേശുവിനോടും അവന്റെ പഠിപ്പിക്കലിനോടും ശുശ്രൂഷയോടും എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തതിനാൽ ഇത് എളുപ്പമുള്ള തീരുമാനമായിരുന്നില്ല. എന്നിരുന്നാലും ആളുകൾ യേശുവിന്റെ അടുക്കൽ വന്നു, ശിഷ്യന്മാർ അവരെ ജലത്തിൽ സ്നാനം കഴിപ്പിച്ചു.

**യോഹന്നാൻ 3:22**
**അതിന്റെ ശേഷം യേശു ശിഷ്യന്മാരുമായി യെഹൂദ്യദേശത്തു വന്നു അവരോടുകൂടെ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു.**

**യോഹന്നാൻ 4:1-3**
**1 യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്നു പരീശന്മാർ കേട്ടു എന്നു കർത്താവു അറിഞ്ഞപ്പോൾ —**
**2 ശിഷ്യന്മാർ അല്ലാതെ, യേശു തന്നേ സ്നാനം കഴിപ്പിച്ചില്ലതാനും —**
**3 അവൻ യെഹൂദ്യദേശം വിട്ടു പിന്നെയും ഗലീലെക്കു യാത്രയായി.**

അതിനാൽ, യേശുക്രിസ്തുവിന്റെ സന്ദേശം സ്വീകരിച്ചു ശിഷ്യന്മാരായി തീർന്നവരെ സ്നാനപ്പെടുത്തുന്ന ശുശ്രൂക്ഷ യേശുവിന്റെ 12 അപ്പൊസ്തലന്മാർക്ക് (അല്ലെങ്കിൽ ശിഷ്യന്മാർക്ക്) ഇതിനോടകം പരിചിതമായിരുന്നു. കൂടാതെ, ഇത് മുഴുകൽ സ്നാനമായിരുന്നു, യേശുവും ഈ ശിഷ്യന്മാരും സ്നാപക യോഹന്നാനാൽ ഈ മുഴുകൽ സ്നാനം ഏറ്റു എന്ന കാര്യം ദയവായി ഓർക്കുക.

## ജലസ്നാനവും മഹാ നിയോഗവും

അവിടുത്തെ പുനരുത്ഥാനത്തിനുശേഷം, സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുമ്പാണ്, കർത്താവായ യേശു "മഹാ നിയോഗം" എന്ന് നാം പൊതുവായി വിളിക്കുന്ന കല്പന നൽകിയത്.

**മത്തായി 28:19-20**
**19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ;**
**20 ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളിച്ചെയ്തു.**

പോയി എല്ലാ ജനതകളെയും ശിഷ്യരാക്കാനുള്ള കർത്താവിന്റെ കൽപ്പനയാണ് മഹാ നിയോഗം. "ശിഷ്യന്മാരാക്കുക" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന വാക്കുകൾ "മാത്യൂറ്റുവോ" എന്ന ഗ്രീക്ക് പദമാണ്, അതിന്റെ അർത്ഥം ഒരു ശിഷ്യനാകുക, പഠിതാവ്, ഒരാളുടെ പഠിപ്പിക്കലിനെ പിന്തുടരുക, പഠിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ, പഠിപ്പിക്കുക, പരിശീലനം നൽകുക, യജമാനനെപ്പോലെയാകാൻ യജമാനന്റെ വാക്കുകൾ പിന്തുടരുക.

പരിശ്രമത്തോടൊപ്പമുള്ള ചിന്തയെ ഇത് സൂചിപ്പിക്കുന്നു. നാം നേരത്തെ കണ്ടതുപോലെ, യേശുവിനെപ്പോലെയാകാനും കർത്താവായ യേശു നമ്മോടു കല്പിച്ചതെല്ലാം പാലിക്കാനും (പിന്തുടരാനും) തീരുമാനിച്ച ആളാണ് ശിഷ്യൻ.

ശിഷ്യന്മാരാക്കാനുള്ള ഈ കൽപ്പനയിൽ, അവരെ (ശിഷ്യന്മാരായി തിരഞ്ഞെടുക്കുന്നവരെ) വെള്ളത്തിൽ സ്നാനപ്പെടുത്താനുള്ള കൽപ്പന ഉൾപ്പെടുത്തിയിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നാം അവരെ സ്നാനപ്പെടുത്തണം, അങ്ങനെ ബൈബിൾ വെളിപ്പെടുത്തുന്ന ദൈവവത്തെ അടുത്തറിയുന്നു.

അതിനാൽ, യേശുക്രിസ്തുവിന്റെ ശിഷ്യനാകാൻ നിങ്ങൾ തീരുമാനിച്ചതിന്റെ ഒരു സാക്ഷ്യമാണ് ജലസ്നാനം. മനസിലാക്കാനും അവനിൽ നിന്ന് പഠിക്കാനും പരിശീലിപ്പിക്കപ്പെടാനും മുന്നോട്ടു പോകാൻ നിങ്ങൾ തീരുമാനിച്ചു, അതുവഴി നിങ്ങൾക്ക് അവനെപ്പോലെയാകാൻ കഴിയും. പരിഹാസം, പീഡനം, കഷ്ടപ്പാട്, ത്യാഗം തുടങ്ങിയവ ഉണ്ടെങ്കിലും ഈ പ്രക്രിയയിലൂടെ കടന്നുപോകാൻ നിങ്ങൾ തീരുമാനിച്ചു. ഇനിയൊരിക്കലും മടങ്ങിപ്പോകാതെ യേശുക്രിസ്തുവിനെ ശിഷ്യനായി അനുഗമിക്കാനുള്ള തീരുമാനം നിങ്ങൾ എടുത്തിട്ടുണ്ട്.

## ശിഷ്യന്മാർ ശിഷ്യന്മാരെ സ്നാനപ്പെടുത്തുന്നു

ഒരു വ്യക്തി യേശുക്രിസ്തുവിന്റെ ശിഷ്യനാകാൻ തീരുമാനിക്കുകയും വെള്ളത്തിൽ സ്നാനം സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞാൽ, ആ വ്യക്തിക്ക് യേശുക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരുമായി പങ്കുവെക്കാനും ശിഷ്യന്മാരെ ഉണ്ടാക്കാനും വെള്ളത്തിൽ സ്നാനപ്പെടുത്താനും കഴിയുമെന്ന് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യരാകാൻ തിരഞ്ഞെടുക്കുന്ന പുതിയ ആളുകളെ ശിഷ്യന്മാർക്ക് സ്നാനപ്പെടുത്താൻ കഴിയും. ഉദാഹരണത്തിന്, യെരുശലേമിലെ സഭയിലെ സഹായിയായിരുന്നു (ഡീക്കൺ) ഫിലിപ്പൊസ്. അവൻ പോയി ശമര്യയിൽ യേശുവിനെക്കുറിച്ച് പ്രസംഗിച്ചു, ശമര്യയിലെ ഈ പുതിയ വിശ്വാസികളെ അവൻ സ്നാനപ്പെടുത്തി (പ്രവൃ. 8:12). എത്യോപ്യയിലെ രാജ്ഞിയുടെ ധനകാര്യ ഉദ്യോഗസ്ഥനായിരുന്ന എത്യോപ്യക്കാരനെയും ഫിലിപ്പൊസ് സ്നാനപ്പെടുത്തി (പ്രവൃ 8: 37–38).

ദമാസ്കസിലെ അനന്യാസ് എന്ന ശിഷ്യനായിരുന്നു ശൗലിനെ സ്നാനപ്പെടുത്തിയത്, പിന്നീട് പൗലോസ് അപ്പൊസ്തലനായി (പ്രവൃ 9:10,18).

പ്രതിഫലനം

1. യേശുക്രിസ്തുവിന്റെ ശിഷ്യനായിരിക്കുക എന്നതിന്റെ അർത്ഥത്തെക്കുറിച്ച് ഈ അധ്യായത്തിലെ 11 പ്രസ്താവനകൾ അവലോകനം ചെയ്യുക. ഈ പ്രസ്താവനകൾ നിങ്ങളുടെ ജീവിതത്തിൽ വ്യക്തിപരമായി എന്താണ് അർത്ഥമാക്കുന്നതെന്ന് ചിന്തിക്കുക.

2. യേശുക്രിസ്തുവിൽ വിശ്വസിക്കാനും ശിഷ്യനായി അവനെ അനുഗമിക്കാനും നിങ്ങൾ വ്യക്തിപരമായി തീരുമാനിക്കുന്നുണ്ടോ?

## 4. യേശുക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തിന്റെ ഒരു സാക്ഷ്യം

കർത്താവായ യേശു സ്വർഗാരോഹണം ചെയ്തതിനുശേഷം, അപ്പോസ്തോല പ്രവൃത്തികൾ 2-ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ 120 ശിഷ്യന്മാർക്ക് പെന്തെക്കൊസ്ത് ദിനത്തിൽ പരിശുദ്ധാത്മാവിന്റെ ശാക്തീകരണം ലഭിച്ചു. അവർ യേശുക്രിസ്തുവിന്റെ സുവിശേഷം യെരുശലേമിലും പിന്നീട് മറ്റ് നഗരങ്ങളിലും പ്രസംഗിക്കാൻ തുടങ്ങി.

### യേശുക്രിസ്തുവിന്റെ സുവിശേഷം

പാപത്തിൽ നിന്നും അതിന്റെ അനന്തരഫലങ്ങളിൽ നിന്നും നമ്മെ രക്ഷിപ്പാൻ യേശു ലോകത്തിന്റെ രക്ഷകനായിത്തീർന്നു എന്നതാണ് യേശുക്രിസ്തുവിന്റെ സുവിശേഷം. നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ ഏറ്റെടുത്ത് യേശുക്രിസ്തു നമ്മുടെ സ്ഥാനത്ത് മരിച്ചു. അവൻ പാപത്തിന്റെ ശക്തി, സാത്താൻ, രോഗം എന്നിവയെ തകർത്തു, അന്ധകാരശക്തികളിൽ നിന്ന് നമ്മെ മോചിപ്പിച്ചു, രക്ഷയെന്ന ദാനം സൗജന്യമായി നൽകി. അവൻ ക്രൂശിൽ മരിച്ചു, അടക്കം ചെയ്യപ്പെട്ടു, മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു, സ്വർഗാരോഹണം ചെയ്യുന്നതിന് മുൻപ് 500 ഓളം പേർക്ക് പ്രത്യക്ഷപ്പെട്ടു. മാനസാന്തരപ്പെട്ട് അവനിൽ വിശ്വസിച്ചുകൊണ്ട് യേശുക്രിസ്തു നൽകുന്ന രക്ഷയുടെ സൗജന്യ ദാനം ആർക്കും സ്വീകരിക്കാം. യേശുവിനെ നമ്മുടെ കർത്താവും രക്ഷകനുമായി നാം സ്വീകരിക്കുമ്പോൾ നാം വീണ്ടും ജനിക്കുകയും ദൈവമക്കളാകുകയും ഇരുട്ടിൽ നിന്ന് അവന്റെ മഹത്വമുള്ള രാജ്യത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഇതാണ് സുവിശേഷം! മതത്തിന് നമുക്കായി ഇത് ചെയ്യാൻ കഴിയില്ല. നമ്മുടെ സ്വന്തം ഭക്തി, സത്പ്രവൃത്തികൾ, മതപരമായ പരിശ്രമങ്ങൾ എന്നിവയാൽ നമുക്ക് ഇത് നേടാനാവില്ല. ഇത് ഒരു സൗജന്യ സമ്മാനമാണ്, നമുക്ക് അത് നേടാൻ കഴിയുന്നത് വിശ്വാസത്തിലൂടെയാണ്.

### നിങ്ങൾ യേശുവിൽ വിശ്വസിക്കുന്നുവെങ്കിൽ, സ്നാനമേൽക്കുക

അപ്പോസ്തോല പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു, യേശുവിന്റെ സുവിശേഷം പ്രസംഗിക്കുകയും, യേശുക്രിസ്തുവിൽ വിശ്വസിക്കാനുള്ള ക്ഷണം നൽകുകയും ചെയ്തു. യേശുവിൽ വിശ്വസിച്ച എല്ലാവരെയും ജല സ്നാനം സ്വീകരിച്ചുകൊണ്ട് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനം നടത്താൻ (പരസ്യമായ ഒരു പ്രഖ്യാപനം, പരസ്യമായ സാക്ഷ്യം) ക്ഷണിക്കപ്പെട്ടു.

ജനങ്ങൾ ജല സ്നാനമേറ്റതിനെക്കുറിച്ചു അപ്പോസ്തോല പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില ഉദാഹരണങ്ങൾ ഇതാ.

1. പെന്തെക്കൊസ്ത് നാളിലെ വിശ്വാസികൾ (പ്രവൃ 2:38–41),
2. ശമര്യ നഗരത്തിലെ വിശ്വാസികൾ (പ്രവൃ 8:12–13),
3. ശൗൽ (പൗലോസ് ആയിത്തീർന്നു) (പ്രവൃ 9:17–18; പ്രവൃ 22:16),
4. കൊർന്നേല്യൊസിന്റെ കുടുംബം (പ്രവൃ 10:47–48),

5. ഫിലിപ്പിയിലെ വിശ്വാസികൾ (പ്രവൃ 16:14–15,31–34),
6. കൊരിന്തിലെ വിശ്വാസികൾ (പ്രവൃ 18:7–8),
7. എഫെസൊസിലെ വിശ്വാസികൾ (പ്രവൃ 19:1–5).

## ഒരു പൊതു കുറ്റസമ്മതം

ആദ്യകാല സഭയിലെ പലർക്കും ജല സ്നാനം സ്വീകരിക്കുന്നത് എളുപ്പമുള്ള തീരുമാനമായിരുന്നില്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ അവരിൽ പലരും പീഡിപ്പിക്കപ്പെട്ടു. എന്നാൽ അവർ ആരെയാണ് വിശ്വസിക്കുന്നതെന്ന് അറിഞ്ഞുകൊണ്ട് അവർ തങ്ങളുടെ നിലപാട് ധൈര്യത്തോടെ സ്വീകരിച്ചു.

ഭൂമിയിലുള്ള ആളുകൾക്കു മുമ്പിൽ നാം ക്രിസ്തുവിനെ ഏറ്റുപറഞ്ഞാൽ, പിതാവിന്റെ മുമ്പാകെ അവൻ ഏറ്റുപറയുകയോ അംഗീകരിക്കുകയോ ചെയ്യുമെന്ന് കർത്താവായ യേശുക്രിസ്തു വാഗ്ദാനം ചെയ്തിരുന്നു, അതെ നാം അവന്റേതാണ്!

**മത്തായി 10:32-33**
**32 മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും.**
**33 മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും.**

നിങ്ങളുടെ ജീവിതത്തിന്റെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തിന്റെ പരസ്യമായ ഏറ്റുപറച്ചിലാണ് ജലസ്നാനം. പാപത്തിൽ നിന്ന് നിങ്ങളെ രക്ഷിക്കാനായി യേശുക്രിസ്തുവിൽ വിശ്വസിക്കുകയും അവന്റെ രക്ഷയെന്ന സൗജന്യ ദാനം ലഭിക്കുകയും ചെയ്തതായി നിങ്ങൾ അംഗീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

## കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചു

പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ആളുകൾ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.
ചില റഫറൻസുകൾ കൂടി ഇതാ:

**അ.പ്രവർത്തികൾ 2:38**
**പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.**

**അ.പ്രവർത്തികൾ 8:16**
**അന്നുവരെ അവരിൽ ആരുടെമേലും ആത്മാവു വന്നിരുന്നില്ല; അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നതേയുള്ളു.**

**അ.പ്രവർത്തികൾ 10:48**
**പത്രൊസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു. അവൻ ചില ദിവസം അവിടെ താമസിക്കേണം എന്നു അവർ അപേക്ഷിച്ചു.**

**അ.പ്രവർത്തികൾ 19:5**
**ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു.**

കർത്താവായ യേശുവിന്റെ നാമത്തിൽ നിങ്ങൾ സ്നാനമേൽക്കുമ്പോൾ, നിങ്ങൾ അവനുമായി താതാത്മ്യപ്പെടുന്നു. നിങ്ങൾ പരസ്യമായി യേശുവിനോട് ചേരുന്നു. ഇതിനും ആത്മീയ പ്രാധാന്യമുണ്ട്, അത് അടുത്ത അധ്യായത്തിൽ ഞാൻ വിശദീകരിക്കാം.

"യേശുവിന്റെ നാമത്തിൽ" എന്ന പദം ഉപയോഗിക്കുന്നത് ആരുടെ അധികാരത്താലും ആരുടെ പ്രതിനിധിയായാണ് നാം ഇത് ചെയ്യുന്നതെന്നും സൂചിപ്പിക്കുന്നു. അതിനാൽ, ആരെങ്കിലും "യേശുവിന്റെ നാമത്തിൽ" സ്നാനമേൽക്കുമ്പോൾ അതിനർത്ഥം യേശുക്രിസ്തു മഹത്തായ നിയോഗത്തിലൂടെ നമുക്ക് നൽകിയിട്ടുള്ള അധികാരത്താൽ (മുൻ അധ്യായം കാണുക) പുതിയ ശിഷ്യന് ഈ ജലസ്നാനം നാം നൽകുന്നുവെന്നാണ്. നാം അവിടുത്തെ നാമത്തിൽ, അവനു വേണ്ടി, അവിടുത്തെ പ്രതിനിധിയായി, പൂർണ അധികാരമുള്ളവനായി, അവനാൽ ശക്തീകരിക്കപ്പെട്ടവനായി തന്നെ ചെയ്യുന്നു.

അതിനാൽ, നാം ആളുകളെ സ്നാനപ്പെടുത്തുമ്പോൾ നാം പറയുന്നു: "യേശുവിന്റെ നാമത്തിൽ, ഞാൻ നിങ്ങളെ സ്നാനപ്പെടുത്തുന്നു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ തന്നെ." ഇതിനർത്ഥം യേശുക്രിസ്തു നമുക്ക് നൽകിയിട്ടുള്ള അധികാരത്തോടെയാണ് നാം ഇത് ചെയ്യുന്നത്, യേശുക്രിസ്തുവിലൂടെ ബൈബിൾ വെളിപ്പെടുത്തുന്ന ദൈവവത്തെ അറിയുന്ന ഈ വ്യക്തിയെ നമ്മൾ സ്നാനപ്പെടുത്തുന്നു.

പ്രതിഫലനം

1. യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ നിങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നുണ്ടോ?
2. യേശുക്രിസ്തുവിനെ നിങ്ങളുടെ രക്ഷകനും കർത്താവുമായി പരസ്യമായി അംഗീകരിക്കാൻ നിങ്ങൾ തയ്യാറാണോ?

## 5. നിങ്ങൾ യേശുവിന്റെ ഒപ്പമാണെന്നതിന്റെ ഒരു പ്രഖ്യാപനം

കർത്താവായ യേശു സഭയിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് സമ്പ്രദായങ്ങളുണ്ട്: ജലസ്നാനവും, കർത്താവിന്റെ മേശയും. യേശുക്രിസ്തു തന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും നമുക്കുവേണ്ടി നേടിയ നേട്ടങ്ങൾ പ്രഖ്യാപിക്കാനുള്ള ശക്തമായ മാർഗങ്ങളാണ് ഇവ രണ്ടും. യേശുക്രിസ്തുവിനാൽ നിയുക്തനായി പൗലോസ് 1 കൊരി 11:26 എഴുതി "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു." അതിനാൽ, നാം കർത്താവിന്റെ മേശയിൽ പങ്കാളികളാകുമ്പോൾ, ക്രൂശിൽ യേശുക്രിസ്തു പൂർത്തീകരിച്ച പ്രവർത്തിയിലും അവിടുത്തെ മടങ്ങിവരവിലുമുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രഖ്യാപനം നടത്തുകയാണ്.

അതുപോലെ, നാം യേശുവിന്റെ ഒപ്പം ആണെന്നതിന്റെ ഒരു പ്രഖ്യാപനമാണ് ജലസ്നാനം. യേശുക്രിസ്തു ക്രൂശിൽ ചെയ്തതു നിമിത്തം നമുക്ക് എന്താണ് സംഭവിച്ചതെന്ന് നാം കാണാവുന്നതും അദൃശ്യവുമായ ലോകത്തോട് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇത് നമ്മിൽ സംഭവിച്ച ഒരു ആത്മീയ യാഥാർത്ഥ്യമാണ്. ഇത് ഇതിനകം നമുക്ക് സംഭവിച്ചു കഴിഞ്ഞു. ആത്മാവിൽ ഇതിനകം നമ്മുടെ ഉള്ളിൽ സംഭവിച്ച ഒരു കാര്യത്തിന്റെ പ്രതീകാത്മക ആവിഷ്കാരവും ശക്തമായ പ്രഖ്യാപനവുമാണ് ജലസ്നാനം.
പൗലോസ് അപ്പോസ്തോലൻ ഇപ്രകാരം പറയുന്നു:

**റോമർ 6:3-4**
**3 അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?**
**4 അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.**

**കൊലോസ്യർ 2:12**
**സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു.**

നാം വീണ്ടും ജനിച്ചപ്പോൾ നാം ക്രിസ്തുവിൽ ആയിത്തീർന്നു (1 കൊരിന്ത്യർ 1:30). നാം അവനിൽ ആണ് ആത്മീയമായി അവനോടൊപ്പമുണ്ട് (1 കൊരിന്ത്യർ 6:17). പരിശുദ്ധാത്മാവ് നമ്മെ ക്രിസ്തുവിനോട് ചേർത്തു (1 കൊരിന്ത്യർ 12:13). ആത്മീയമായി നാം ഇതിനകം ക്രിസ്തുവിലാണ്. മാത്രമല്ല, നാം അവനിൽ "ഉള്ളതുകൊണ്ട്", അവന്റെ മരണം (ക്രൂശീകരണം),

ശവസംസ്കാരം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, ഇരിപ്പു എന്നിവയോട് നാം താദാത്മ്യപ്പെടുന്നു. ഇതിനെ അനുരൂപപ്പെടൽ എന്ന് വിളിക്കുന്നു.

**അവന്റെ മരണത്തോട് അനുരൂപപ്പെടുന്നു (ക്രൂശീകരണം):** ക്രിസ്തു മരിച്ചപ്പോൾ നാം അവനോടൊപ്പം മരിച്ചു. പഴയ പാപസ്വഭാവം "പഴയ മനുഷ്യൻ" അവനോടൊപ്പം ക്രൂശിക്കപ്പെട്ടു (റോമർ 6:6). ഉള്ളിൽ പഴയ പാപസ്വഭാവം നമുക്കില്ല. നാം ഇപ്പോൾ ദൈവിക സ്വഭാവത്തിൽ പങ്കാളികളാണ് (2 പത്രോസ് 1:4). നമ്മുടെ ജീവിതത്തിന്മേലുള്ള പാപത്തിന്റെ ശക്തി തകർന്നിരിക്കുന്നു, നാം ഇനി പാപത്തിന്റെ അടിമകളല്ല (റോമർ 6:14).

**അവന്റെ അടക്കത്തോട് അനുരൂപപ്പെടുന്നു:** ക്രിസ്തുവിനെ അടക്കം ചെയ്തപ്പോൾ നമ്മേയും അടക്കം ചെയ്തു. ഇതിനർത്ഥം നമ്മൾ പഴയ ജീവിതത്തിൽ നിന്ന് വേർപെട്ടു എന്നാണ്. പഴയത് കഴിഞ്ഞു പോയി. പുതിയത് വന്നു. നാം ഒരു പുതിയ സൃഷ്ടിയാണ്, പഴയതിന് നമ്മിൽ ഒരു അവകാശമോ പങ്കോ ഇല്ല (2 കൊരിന്ത്യർ 5:17).

**അവന്റെ പുനരുത്ഥാനത്തോട് അനുരൂപപ്പെടുന്നു:** ക്രിസ്തു ഉയിർത്തെഴുന്നേറ്റപ്പോൾ നാം അവനോടൊപ്പം ഉയിർത്തെഴുന്നേറ്റു (എഫെസ്യർ 2:5). ഇതിനർത്ഥം നാം മരണത്തിൽ നിന്ന് ജീവനിലേക്കു വന്നു എന്നാണു, സാത്താന്റെ ശക്തിയിൽ നിന്ന് ദൈവത്തിങ്കലേക്ക് വന്നു. (കൊലോസ്യർ 1:13). ദൈവരാജ്യത്തിൽ ഉള്ള ഒരു പുതിയ ജീവിതത്തിൽ ആണ് നാം ഇപ്പോൾ നടക്കുന്നത്. നമുക്ക് ഒരു പുതിയ ജീവിതരീതി ഉണ്ട്. ഇരുട്ടിന്റെ ശക്തികൾക്ക് നമ്മിൽ യാതൊരു സ്വാധീനവുമില്ല.

**അവന്റെ സ്വർഗ്ഗാരോഹണത്തോട് അനുരൂപപ്പെടുന്നു:** ക്രിസ്തു സ്വർഗാരോഹണം ചെയ്തപ്പോൾ നാം അവനോടൊപ്പം സ്വർഗാരോഹണം ചെയ്തു (എഫെസ്യർ 2:6; കൊലോസ്യർ 3:1–3). അതിനാൽ ഉയരത്തിലുള്ള കാര്യങ്ങളിലാണ് നമുക്ക് താല്പര്യമുള്ളതു. സ്വർഗത്തിന്റെ വീക്ഷണകോണിൽ നിന്ന് ജീവിതത്തെ നോക്കി കാണുന്ന ഒരു പുതുമനസ്സോടെയാണ് നാമിന്നു ജീവിക്കുന്നത്. നമ്മുടെ ജീവിതം ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

**അവന്റെ ഇരിപ്പിനോട് അനുരൂപപ്പെടുന്നു:** ക്രിസ്തു പിതാവിന്റെ വലതുഭാഗത്ത് സിംഹാസനത്തിൽ ഇരിക്കുമ്പോൾ, നാം അവനോടൊപ്പം ഇരിക്കുന്നു (എഫെസ്യർ 2:6). നാം യേശുക്രിസ്തുവിൽ അധികാരത്തോടും ആധിപത്യത്തോടും സാത്താനേയും അവന്റെ എല്ലാ പൈശാചിക സൈന്യങ്ങളേയും കാൽകീഴാക്കി ഇരിക്കുന്നു.

ഇതിന്റെയെല്ലാം പ്രതീകാത്മക പ്രകടനമാണ് ജലസ്നാനം. നിങ്ങൾ വെള്ളത്തിനടിയിലാകുമ്പോൾ (വെള്ളത്തിൽ മുങ്ങുക), അത് നിങ്ങളുടെ മരണത്തെയും (ക്രൂശീകരണത്തെയും) യേശുക്രിസ്തുവിനൊപ്പം സംസ്കരിക്കുന്നതിനെയും പ്രതീകപ്പെടുത്തുന്നു. നിങ്ങൾ വെള്ളത്തിൽ നിന്ന് പുറത്തുവരുമ്പോൾ, അത് നിങ്ങളുടെ പുനരുത്ഥാനത്തെയും സ്വർഗ്ഗാരോഹണത്തെയും യേശുക്രിസ്തുവിനോടൊപ്പം ഇരിക്കുന്നതിനെയും പ്രതീകപ്പെടുത്തുന്നു.

നിങ്ങൾ വെള്ളത്തിൽ സ്നാനമേൽക്കുമ്പോൾ, യേശുക്രിസ്തുവിന്റെ മരണം, ശവസംസ്കാരം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, ഇരിപ്പ് എന്നിവയോട് നിങ്ങൾ ആത്മീയമായി അനുരൂപപ്പെടുകയും ദൃശ്യവും അദൃശ്യവുമായ ലോകങ്ങളോട് നിങ്ങൾ ഒരു പ്രഖ്യാപനം നടത്തുകയും ചെയ്യുന്നു. ഇത് ഒരു പ്രതീകാത്മക പ്രവർത്തനമാണ്, അത് വളരെ ശക്തവുമാണ്. ജലസ്നാനത്തിന്റെ നിമിഷത്തിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ

ക്രൂശിന്റെ ശക്തി നിങ്ങൾക്ക് നൽകപ്പെടുമെന്ന് പ്രതീക്ഷിക്കാം. കഴിഞ്ഞ ജീവിതത്തിലെ എന്തെങ്കിലും (പാപങ്ങൾ, ആസക്തികൾ, ലജ്ജ, മുറിവ് മുതലായവ) നിങ്ങളെ പരിഹസിക്കുകയും നിങ്ങളെ വീണ്ടും പിടിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ മേലുള്ള അതിന്റെ ശക്തി തകർന്നതായി ധൈര്യത്തോടെ അറിയിക്കുക. പഴയ ജീവിതത്തിലെ എല്ലാ കാര്യങ്ങളെയും തകർക്കാൻ ജലസ്നാനത്തിലൂടെയുള്ള നിങ്ങളുടെ പ്രഖ്യാപനം കാരണമാകുമെന്ന് മനസിലാക്കുക.

അതിനാൽ നാം “ക്രിസ്തുവിനെ ധരിക്കുക” എന്ന് അപ്പൊസ്തലനായ പൗലോസ് പ്രസ്താവിക്കുന്നു

**ഗലാത്യർ 3:27**
**ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു**

നാം യേശുവിനോടൊപ്പമാണ്, ആളുകൾ നമ്മെ കാണുമ്പോൾ അവർ യേശുവിനെ കാണണം. നാം അവനെ ധരിക്കേണ്ടതാണ്. പരിശുദ്ധാത്മാവ് അനുദിനം നമ്മെ അവന്റെ സ്വരൂപത്തിലേക്ക് പരിവർത്തനം ചെയ്യുന്നു, അങ്ങനെ ക്രമേണ ആളുകൾ നമ്മിൽ ക്രിസ്തുവിനെ കാണും, കാരണം നാം ക്രിസ്തുവിനെ ധരിക്കുന്നു.

## പ്രതിഫലനം

**1.** (എ) അവന്റെ മരണം (ക്രൂശീകരണം), (ബി) ശവസംസ്കാരം, (സി) അവന്റെ പുനരുത്ഥാനം, (ഡി) അവന്റെ സ്വർഗ്ഗാരോഹണം, (ഇ) അവന്റെ ഇരിപ്പിടം എന്നിവയിൽ യേശുക്രിസ്തുവിനൊപ്പം നിങ്ങൾ ആത്മീയമായി അനുരൂപപ്പെടുന്നു. ഈ അധ്യായത്തിൽ പറഞ്ഞിട്ടുള്ളവയെ അടിസ്ഥാനമാക്കി, ഈ അഞ്ച് കാര്യങ്ങൾ നിങ്ങൾക്ക് വ്യക്തിപരമായി എന്താണ് അർത്ഥമാക്കുന്നത് എന്ന് ചിന്തിക്കുക.

## 6. നല്ല മനസ്സാക്ഷിയുടെ പ്രതിഭാഷണം

നോഹയുടെ പെട്ടകത്തിലൂടെ എട്ട് പേരെ ജലപ്രളയത്തിൽ നിന്ന് രക്ഷിച്ചതിനെ അപ്പൊസ്തലനായ പത്രോസ് പരാമർശിക്കുന്നു. ഇത് ജലസ്നാനത്തിന്റെ പ്രതീകമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയി ഉന്നത സ്ഥലത്ത് ഇരിക്കുന്ന യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ നാമും രക്ഷ പ്രാപിച്ചു.

**1 പത്രോസ് 3:20-22**
**20 ആ പെട്ടകത്തിൽ അല്പജനം, എന്നുവെച്ചാൽ എട്ടുപേർ, വെള്ളത്തിൽകൂടി രക്ഷ പ്രാപിച്ചു.**
**21 അതു സ്നാനത്തിന്നു ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു.**
**22 അവൻ സ്വർഗ്ഗത്തിലേക്കു പോയി ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന്നു കീഴ്പെട്ടുമിരിക്കുന്നു.**

ജലസ്നാനത്തെക്കുറിച്ച് പത്രോസ് പരാമർശിക്കുന്നതുപോലെ, സ്നാനം നമ്മുടെ ചർമ്മത്തിൽ നിന്ന് അഴുക്ക് നീക്കം ചെയ്യുന്ന കഴുകലല്ല, മറിച്ച് ശുദ്ധമായ മനഃസാക്ഷിക്ക് വേണ്ടിയുള്ള ദൈവത്തോടുള്ള അപേക്ഷയാണ്. കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലുമുള്ള വിശ്വാസത്തിലൂടെയാണ് ഇത് സംഭവിച്ചത്.

നാം കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ, അവന്റെ രക്തം നമ്മെ കഴുകുകയും നമ്മുടെ പാപങ്ങൾ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ നാം ദൈവത്തിന്റെ നീതിയായിത്തീർന്നിരിക്കുന്നു. നാം അവന്റെ ദൃഷ്ടിയിൽ ശുദ്ധിയുള്ളവരാണ്, അവിടുത്തെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്നു, ദൈവത്തിന് പ്രിയപ്പെട്ടവരാകുന്നു. ദൈവത്തോടുള്ള നമ്മുടെ മനഃസാക്ഷി നല്ലതും ശുദ്ധവുമാണ്. ദൈവവുമായി ബന്ധപ്പെടുന്നതിൽ നിന്ന് നമ്മെ തടയുന്ന കുറ്റബോധം, ലജ്ജ, ആരോപണം, അപലപിക്കൽ എന്നിവ നമ്മുടെ ഉള്ളിൽ ഇല്ല. ദൈവവുമായുള്ള അത്തരമൊരു ബന്ധത്തിലേക്ക് നമ്മെ കൊണ്ടുവരാൻ യേശുക്രിസ്തുവിന് മാത്രമേ കഴിയൂ. നിങ്ങൾ ഇപ്പോൾ ജലത്തിൽ സ്നാനപ്പെട്ടിരിക്കുന്നു കാരണം യേശുക്രിസ്തുമുഖാന്തരം ദൈവത്തോടുള്ള നിങ്ങളുടെ മനസ്സാക്ഷി ശുദ്ധവും നല്ലതുമായിത്തീർന്നിരിക്കുന്നു. ദൈവത്തോട് നല്ല മനസ്സാക്ഷി ഉള്ള ഒരാളുടെ ഉത്തരവാദിത്വമാണ് ജലസ്നാനം.

ക്രിസ്തു നമുക്കുവേണ്ടി പൂർത്തിയാക്കിയ പ്രവർത്തിയിലുള്ള വിശ്വാസത്തിലൂടെയും ദൈനംദിന ജീവിതത്തിൽ അവനോടുള്ള അനുസരണത്തിലൂടെയും നാം ദൈവമുമ്പാകെ ഒരു നല്ല മനഃസാക്ഷി നിലനിർത്തുന്നു.

**1 യോഹന്നാൻ 3:20-22**
**20 ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്നു നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം.**
**21 പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുററം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ടു.**
**22 അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും അവങ്കൽനിന്നു ലഭിക്കും.**

നമ്മുടെ മനഃസാക്ഷി ശുദ്ധമാകുമ്പോൾ, നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ല, ദൈവമുമ്പാകെ നാം ആത്മവിശ്വാസമുള്ളവരാകുകയും ചെയ്യും. നമ്മുടെ ഹൃദയം നമ്മെ കുറ്റംവിധിക്കുന്നുവെങ്കിൽ, അതായത്, നമ്മുടെ മനഃസാക്ഷി ശുദ്ധമല്ലെങ്കിൽ, നമ്മെ കുറ്റപ്പെടുത്തുന്ന പലതും നമ്മുടെ ഉള്ളിൽ ഉണ്ട് എന്നാണർത്ഥം. 1 യോഹന്നാൻ 1:9-ൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ ഏതെങ്കിലും പാപങ്ങളെ നാം ഏറ്റുപറയുകയും അംഗീകരിക്കുകയും അവന്റെ രക്തത്താൽ ശുദ്ധീകരിക്കാൻ ആവശ്യപ്പെടുകയും വേണം. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ നാം ശുദ്ധവും വ്യക്തവും നല്ലതുമായ മനസ്സാക്ഷിയോടെ ദൈവമുമ്പാകെ നടക്കുന്നു. നാം അവനോട് അനുസരണത്തോടെ നടക്കുന്നു, അവിടുത്തേക്ക് പ്രസാദകരമായത് ചെയ്യുന്നു. നാം ദൈവമുമ്പാകെ നല്ല മനസ്സാക്ഷി പുലർത്തുന്നു.

പ്രതിഫലനം

1. ഈ അധ്യായത്തിൽ ചർച്ച ചെയ്തതുപോലെ, ദൈവത്തോട് “നല്ല മനസ്സാക്ഷി” ഉണ്ടായിരിക്കുക എന്നതിന്റെ അർത്ഥമെന്താണ്?
2. ജലസ്നാനത്തിനുശേഷവും നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ ദൈവത്തോടുള്ള നല്ല മനസ്സാക്ഷി എങ്ങനെ നിലനിർത്താം?

## 7. സാധാരണയായി ചോദിക്കാവുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം

ഈ അധ്യായത്തിൽ, പൊതുവായ ചില ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഹ്രസ്വമായി ഞങ്ങൾ നൽകുന്നു. ഈ ഉത്തരങ്ങളുടെ ദൈവശാസ്ത്രവും തിരുവെഴുത്ത് അടിസ്ഥാനവും മുമ്പത്തെ അധ്യായങ്ങളിൽ ഇതിനകം തന്നെ വിശദീകരിച്ചിട്ടുണ്ട്. അതിനാൽ, അത് ഇവിടെ ആവർത്തിക്കില്ല.

**1. സ്നാനത്തിനുള്ള ശരിയായ പ്രായം ഏതാണ്?**

ഒരു വ്യക്തി സ്നാനമേൽക്കേണ്ട കൃത്യമായ പ്രായത്തെ തിരുവെഴുത്തുകൾ നിർദ്ദേശിക്കുന്നില്ല. അതിനാൽ, സ്നാനമേൽക്കുന്നതിനായി ഒരു വ്യക്തി മാനസാന്തരപ്പെടുകയും കർത്താവായ യേശുക്രിസ്തുവിനെ അവരുടെ രക്ഷകനും കർത്താവുമായി വിശ്വസിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് ഒരു ശിശുവിന് ചെയ്യാൻ കഴിയില്ല, അതിനാൽ ശിശുസ്നാനം വേദപുസ്തകത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഒന്നാണ്. എന്നിരുന്നാലും, ഏതൊരു പ്രായത്തിലും യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സന്ദേശവും അർത്ഥവും മനസിലാക്കാനും വ്യക്തിപരമായി അനുതപിക്കാനും യേശുക്രിസ്തുവിൽ വിശ്വസിക്കാനും കഴിയുന്ന ഒരു വ്യക്തിക്ക് ജലത്തിൽ സ്നാനം സ്വീകരിക്കാൻ കഴിയുന്നതാണ്.

**2. രക്ഷിക്കപ്പെടുന്നത് മുതൽ ഒരു വിശ്വാസി ജലത്തിൽ സ്നാനം സ്വീകരിക്കുന്നതുവരെ കാത്തിരിപ്പ് കാലഘട്ടമുണ്ടോ?**

കാത്തിരിപ്പ് സമയം ആവശ്യമില്ല. പ്രവൃത്തികളുടെ പുസ്തകത്തിൽ നമുക്കായി രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സന്ദർഭങ്ങളിലും, ആളുകൾ മാനസാന്തരപ്പെടാനും യേശുക്രിസ്തുവിൽ വിശ്വസിക്കാനും പ്രതിജ്ഞാബദ്ധരായ ഉടൻ അവർ വെള്ളത്തിൽ സ്നാനമേറ്റു. എന്നിരുന്നാലും, ജലസ്നാനത്തിന്റെ അർത്ഥം മനസിലാക്കുന്നതിനും സ്വന്തം ഇച്ഛാസ്വാതന്ത്ര്യത്തിനനുസരിച്ച് അത് ചെയ്യുന്നതിനും ആളുകളെ സഹായിക്കുന്നതിന്, ജലസ്നാനത്തിന്റെ അർത്ഥം വിശദീകരിക്കാൻ സമയമെടുക്കുന്നതും പുറമെനിന്നുള്ള സ്വാധീനവും നിർബന്ധവും ഇല്ലാതെ സ്നാനമേൽക്കാനുള്ള സ്വന്തം തീരുമാനമെടുക്കാൻ അവർക്ക് സമയം നൽകുന്നതും നല്ലതാണ്.

**3. നമ്മൾ ഉപയോഗിക്കുന്ന "സ്നാന ഫോർമുല" എന്താണ്?**

കർത്താവായ യേശു നമുക്കു നൽകിയ മഹത്തായ നിയോഗത്തെയും പ്രവൃത്തികളുടെ പുസ്തകത്തിൽ പ്രാവർത്തികമാക്കിയതിനേയും അടിസ്ഥാനമാക്കി ഞങ്ങൾ ഇങ്ങനെ ഉപയോഗിക്കുന്നു: "യേശുവിന്റെ നാമത്തിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ സ്നാനപ്പെടുത്തുന്നു."

**4. മറ്റൊരു വിശ്വാസിയെ സ്നാനപ്പെടുത്താൻ ആർക്കാണ് അധികാരമുള്ളത്?**

വെള്ളത്തിൽ സ്നാനമേറ്റ ഏതൊരു ശിഷ്യനും യേശുക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിച്ച മറ്റൊരു വ്യക്തിക്ക് ജലസ്നാനം നൽകാൻ അധികാരമുണ്ട്.

**5. ഞാൻ വീണ്ടും സ്നാനപ്പെടേണ്ടതുണ്ടോ?**

ഒരു ശിശുവിന്റെമേൽ വെള്ളം തളിക്കുന്നത് പുതിയനിയമത്തിലെ ജലസ്നാനത്തിന്റെ വേദപുസ്തക മാതൃകയല്ലാത്തതിനാൽ, ഇത് ജലസ്നാനമായി കണക്കാക്കാനാവില്ല. അതിനാൽ, ശിശുവായിരുന്നപ്പോൾ തളിക്കപ്പെട്ട ഒരാൾ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി വ്യക്തിപരമായി സ്വീകരിച്ചുകഴിഞ്ഞാൽ ജലത്തിൽ സ്നാനം സ്വീകരിക്കേണ്ടതുണ്ട്.

ചിലരെ സംബന്ധിച്ചിടത്തോളം, അവരുടെ മാതാപിതാക്കളോ സുഹൃത്തുക്കളോ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ആത്മാർത്ഥമായി രക്ഷ അനുഭവിക്കാതെ ജലത്തിൽ സ്നാനമേൽക്കാൻ പ്രോത്സാഹിപ്പിക്കുകയും അവർ ഒരു ആചാരമായിട്ട് അങ്ങനെ ചെയ്യുകയും ചെയ്യും. എന്നാൽ അത്തരം സന്ദർഭങ്ങളിൽ, യേശുക്രിസ്തുവിൽ വിശ്വസിച്ച് ജലത്തിൽ സ്നാനം സ്വീകരിക്കാൻ ഞങ്ങൾ ആളുകളെ പ്രോത്സാഹിപ്പിക്കുന്നു.

ചില സന്ദർഭങ്ങളിൽ, ആളുകൾ തങ്ങളുടെ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുകയും പിന്നീട് ദൈവത്തോടൊപ്പം നടക്കുകയും കർത്താവിലേക്ക് മടങ്ങിവരുന്നതിന്റെ അടയാളമായി വീണ്ടും സ്നാനമേൽക്കാൻ ആഗ്രഹിക്കുകയും ചെയ്തേക്കാം. വ്യക്തിപരമായി അവരുടെ തിരഞ്ഞെടുപ്പിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

**6. രക്ഷയ്ക്കായി ജലസ്നാനം ആവശ്യമാണോ അതോ രക്ഷയുടെ പ്രകടനമാണോ?**

ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷ പൂർണമായും കൃപയാൽ ലഭിക്കുന്നു. രക്ഷ ലഭിച്ചതിന്റെ പരസ്യ പ്രകടനമാണ് ജലസ്നാനം. യേശു തന്റെ ഭൗമിക ശുശ്രൂഷയിൽ യേശുവിനെ അനുഗമിക്കാൻ തീരുമാനിച്ചവരെ സ്നാനപ്പെടുത്തിയിട്ടുണ്ടെങ്കിലും, കർത്താവ് ക്രൂശിലെ കള്ളന് സ്വർഗം വാഗ്ദാനം ചെയ്തു, രക്ഷയിലേക്ക് നയിച്ചു. ക്രൂശിലെ കള്ളന് സ്നാനമേൽക്കാനുള്ള അവസരം ഉണ്ടായിരുന്നില്ല. അതുപോലെ, ഭൂമിയിലെ അവസാന നിമിഷങ്ങളിൽ യേശുക്രിസ്തുവിൽ വിശ്വസിക്കാൻ തീരുമാനിക്കുകയും സ്നാനമേൽക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യാത്ത പലരും ഉണ്ടാകും. ക്രിസ്തുവിലുള്ള വിശ്വാസത്താൽ അവർ രക്ഷിക്കപ്പെടുന്നു. എന്നാൽ ഇപ്പോൾ രക്ഷിക്കപ്പെട്ടവരെ സംബന്ധിച്ചിടത്തോളം, ജലസ്നാനം അനുസരണത്തിന്റെ കാര്യമാണ്, അത് നാം ഉടനടി നിറവേറ്റണം.

**7. മരിച്ചവർക്കുവേണ്ടി സ്നാനമേൽക്കാമോ?**

ചില ആളുകൾ 1 കൊരിന്ത്യർ 15:29 ഉദ്ധരിച്ചു, ഇതിനകം മരിച്ചവർക്കായി "പകരക്കാരനായി" സ്നാനമേൽക്കാൻ കഴിയുമോ എന്ന് ചോദിക്കുന്നു:

**1 കൊരിന്ത്യർ 15:29**
**അല്ല, മരിച്ചവർക്കു വേണ്ടി സ്നാനം ഏല്ക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയിർക്കുന്നില്ലെങ്കിൽ അവർക്കുവേണ്ടി സ്നാനം ഏല്ക്കുന്നതു എന്തിന്നു?**

1 കൊരിന്ത്യർ 15-ൽ, മരണത്തിന് അപ്പുറത്തുള്ള ജീവിതമുണ്ടെന്നും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനമുണ്ടെന്നും ഉള്ള സത്യം പൗലോസ് സ്ഥാപിക്കുകയാണ്. അങ്ങനെ ചെയ്യുമ്പോൾ, മരിച്ചവർക്കുവേണ്ടി സ്നാനമേൽക്കുന്ന "അവർ" (നാമല്ല) എന്ന് പരാമർശിച്ച് പൗലോസ് പ്രസ്താവന നടത്തുന്നു. "അവർ" തീർച്ചയായും ക്രിസ്തീയ വിശ്വാസത്തിൽ പെട്ടവരല്ല, മറിച്ച് ഏതെങ്കിലും തരത്തിലുള്ള സ്നാനം നടത്തുന്നത് വഴി അവരുടെ മരിച്ചവരുടെ മരണാനന്തര ജീവിതത്തെ സ്വാധീനിക്കാനാകുമെന്ന് അന്ധവിശ്വാസമുള്ള

ആളുകൾ ആണ്. പൗലോസ് അവരുടെ രീതികളെ അംഗീകരിക്കുന്നില്ല, മറിച്ച് അങ്ങനെയുള്ളവർക്കുപോലും മരണാനന്തര ജീവിതത്തിൽ വിശ്വാസമുണ്ടെന്ന് സൂചിപ്പിക്കുന്നതിന് അവരുടെ അത്തരം രീതികളെ ചൂണ്ടിക്കാണിക്കുന്നു എന്നുമാത്രം. മരിച്ചവർക്കുള്ള സ്നാനത്തെ ഏതെങ്കിലും വിധത്തിൽ സൂചിപ്പിക്കുന്ന ഒരു തിരുവെഴുത്തും പുതിയ നിയമത്തിൽ ഇല്ല. അതിനാൽ ചോദ്യത്തിനുള്ള ഉത്തരം ഉച്ചത്തിലുള്ളതും വ്യക്തവുമായ "ഇല്ല!" എന്നാണ്. മരിച്ചവർക്കുവേണ്ടി നാം സ്നാനം സ്വീകരിക്കുന്നില്ല.

**ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി**

(എ) നേതാക്കളെ ശക്തിപ്പെടുത്തുക, (ബി) ശുശ്രൂഷയ്ക്കായി യുവാക്കളെ സജ്ജരാക്കുക, (സി) ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ കെട്ടിപ്പടുക്കുക എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധകേന്ദ്രീകരിച്ച് ഇന്ത്യയിലുടനീളം പ്രത്യേകിച്ചും വടക്കേ ഇന്ത്യയിലെമ്പാടും എത്തിച്ചേരുന്നതിലൂടെ ഒരു പ്രാദേശിക സഭ എന്നതിന്റെ അതിരുകളും കടന്ന് ഓൾ പീപ്പിൾസ് ചർച്ച് ശുശ്രൂഷകൾ വർത്തിക്കുന്നു. യുവജനങ്ങൾക്കായുള്ള സെമിനാറുകൾ, ക്രിസ്തീയ നേതൃത്വ സെമിനാറുകൾ തുടങ്ങിയ ഒട്ടനേകം സെമിനാറുകൾ വർഷം മുഴുവനും നടത്തുന്നു. അതുകൂടാതെ, വിശ്വാസികൾ വചനത്തിലും ആത്മാവിലും ശക്തരായിത്തീരണം എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷിലും ഇന്ത്യയിലെ വ്യത്യസ്തങ്ങളായ ഭാഷകളിലും ആയിരക്കണക്കിന് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്തു.

ഞങ്ങളുമായി പങ്കാളികളാകേണ്ടതിന് സാമ്പത്തികമായി ഒറ്റത്തവണയായോ പ്രതിമാസമായോ സംഭാവനകൾ അയയ്ക്കേണ്ടതിനായി ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാനായി നിങ്ങൾക്ക് അയയ്ക്കുവാൻ കഴിയുന്ന ഏതൊരു തുകയും വളരെ വിലമതിച്ചതായി ഞങ്ങൾ കണക്കാക്കും.

നിങ്ങൾക്ക് ചെക്ക്/ബാങ്ക് ഡ്രാഫ്റ്റ് എന്നിവ വഴിയായി സംഭാവനകൾ "All Peoples Church" എന്ന പേരിൽ മാറാവുന്ന നിലയിൽ ഞങ്ങളുടെ വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്. അതുകൂടാതെ നിങ്ങളുടെ സംഭാവനകൾ ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാവുന്നതാണ്.

Account Name: All Peoples Church
Account Number: 0057213809
IFSC Code: CITI0000004
Bank: Citibank N.A., No. 5, M.G. Road, Bengaluru, Karnataka 560001

ദയവായി ശ്രദ്ധിക്കുക: ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ അധിഷ്ഠിതമായ ബാങ്കുകളിൽ നിന്നു മാത്രമേ ബാങ്ക് വഴിയുള്ള സംഭാവനകൾ സ്വീകരിക്കുവാൻ കഴിയൂ. നിങ്ങളുടെ സംഭാവന നിങ്ങൾ അയയ്ക്കുമ്പോൾ, ആവശ്യമെങ്കിൽ, നിങ്ങളുടെ സംഭാവന ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന നിർദ്ദിഷ്ട എപിസി മിനിസ്ട്രി ഏരിയ നിങ്ങൾക്ക് സൂചിപ്പിക്കുവാൻ കഴിയുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് *apcwo.org/give* സന്ദർശിക്കുക.

കൂടാതെ നിങ്ങൾക്ക് സാധിക്കുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷകൾക്കുമായി പ്രാർത്ഥിക്കുവാൻ ഓർമ്മിക്കുമല്ലോ. നന്ദി, ദൈവം അനുഗ്രഹിക്കട്ടെ.

# സൌജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival*
A Real Place Called Heaven
A Time for Every Purpose
Ancient Landmarks*
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change*
Code of Honor
Divine Favor*
Divine Order in the Citywide Church
Don’t Compromise Your Calling*
Don’t Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God’s Purpose for Your Life
Gifts of the Holy Spirit
Giving Birth to the Purposes of God*
God Is a Good God
God’s Word
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife*
Marriage and Family
Ministering Healing and Deliverance
Offenses—Don’t Take Them
Open Heavens*
Our Redemption
Receiving God’s Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith *
The Conquest of the Mind
The Father’s Love
The House of God
The Kingdom of God
The Mighty Name of Jesus *
The Night Seasons of Life
The Power of Commitment*
The Presence of God
The Redemptive Heart of God
The Refiner’s Fire
The Spirit of Wisdom, Revelation and Power*
The Wonderful Benefits of speaking in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different*
Who We Are in Christ
Women in the Workplace
Work Its Original Design

മുകളിലുള്ള എല്ലാം പ്രസിദ്ധീകരണങ്ങളുടെയും PDF പതിപ്പുകൾ ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ് (apcwo.org/books). ഇവയിൽ മിക്ക പ്രസിദ്ധീകരണങ്ങളും മറ്റ് ഭാഷകളിലും ലഭ്യമാണ്. പ്രസിദ്ധീകരണങ്ങളുടെ സൗജന്യ പതിപ്പുകൾ ലഭിക്കുന്നതിനായി bookrequest@apcwo.org ലേക്ക് ഒരു ഇമെയിൽ അയയ്ക്കുക.

*pdf ൽ മാത്രം ലഭ്യമാണ്

സൗജന്യ ദൃശ്യ, ശ്രാവ്യ സന്ദേശങ്ങൾ, പ്രസംഗ കുറിപ്പുകൾ, നിങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് നിരവധി വിഷയങ്ങൾ എന്നിവയ്ക്കായി ഞങ്ങളുടെ ചർച്ചിൻറെ വെബ്സൈറ്റ് സന്ദർശിക്കുക (apcwo.org/sermon

## വാരാന്ത്യ സ്കൂളിൽ എത്തിച്ചേരുക

ബാംഗ്ലൂരിൽ നടക്കുന്ന വാരാന്ത്യ സ്കൂളുകൾ, ജീവിതത്തിലും ശുശ്രൂഷയിലും പ്രത്യേക മേഖലകളിൽ വിശ്വാസികളെ പരിശീലിപ്പിക്കാനും സജ്ജരാക്കാനും സജ്ജമാണ്. ശനിയാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 6 വരെയാണ് ഇവ നടക്കുന്നത്. പരിശീലനം നേടാനും സജ്ജരാകാനും താൽപ്പര്യമുള്ള എല്ലാ സഭകളിൽ നിന്നും വിവിധ വിഭാഗങ്ങളിൽ നിന്നുമുള്ള എല്ലാ വിശ്വാസികൾക്കും വിവിധ വാരാന്ത്യ സ്കൂളുകൾ ലഭ്യമാണ്. നിലവിൽ നടത്തുന്ന വാരാന്ത്യ സ്കൂളുകളുടെ ഒരു ലിസ്റ്റ് ചുവടെയുണ്ട്.

Weekend School of Prophetic Ministry- പ്രവചന ശുശ്രൂഷ
Weekend School of Healing and Deliverance- രോഗശാന്തിയും വിടുതലും
Weekend School on Gifts of the Spirit- ആത്മാവിന്റെ ദാനങ്ങൾ
Weekend School of Prayer and Intercession- പ്രാർത്ഥനയും മധ്യസ്ഥതയും
Weekend School on Inner Wholeness- ആന്തരിക സമ്പൂർണ്ണത
Weekend School on Lifestyle Evangelism- ജീവിതശൈലി സുവിശേഷീകരണം
Weekend School on God@Work- ദൈവം ജോലിയിൽ
Weekend School of Urban Missions and Church Planting- നഗര ദൗത്യങ്ങളും സഭാ സ്ഥാപനവും
Weekend School on Christian Apologetics- ക്രിസ്ത്യൻ ന്യായവാദ ശാസ്ത്രം

നിലവിലെ ഷെഡ്യൂളിനും ഓൺലൈനിൽ രജിസ്റ്റർ ചെയ്യുന്നതിനും ദയവായി സന്ദർശിക്കുക: apcwo.org/weekendschool

## ഓൾ പീപ്പിൾസ് ചർച്ചിനെക്കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിന്റെ (APC) ദർശനം എന്നത്, ഞങ്ങൾ ബാംഗ്ലൂർ പട്ടണത്തിന്റെ ഉപ്പും വെളിച്ചവും ആയിരിക്കുന്നതോടൊപ്പം ഇന്ത്യയുടെയും ലോകരാജ്യങ്ങളുടെയും ശബ്ദവുമാകുക എന്നുള്ളതാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാഭിഷേകത്തിലും പ്രത്യക്ഷപ്രകടനത്തിലും പൂർണ്ണതയുള്ളതും വിട്ടുവീഴ്ചകൾ ചെയ്യാതെയും ദൈവവചനം അറിയിക്കുവാൻ എപിസി പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സൃഷ്ടിപരമായ അവതരണങ്ങൾ, ബുദ്ധിമാന്മാരായ ന്യായവാദികൾ, സമകാലിക ശുശ്രൂഷാ വിദ്യകൾ, ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ തുടങ്ങിയവ, സുവിശേഷ ഘോഷണത്തിന് ദൈവനിയമിതമായ പരിശുദ്ധാത്മ അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, പരിശുദ്ധാത്മ വരങ്ങളുടെയും മറ്റും പരിശുദ്ധാത്മ ഇടപെടലുകൾക്ക് പകരം വയ്ക്കാവുന്നതല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു (1 കൊരിന്ത്യർ 2:4-5; എബ്രായർ 2:3-4). ഞങ്ങളുടെ പ്രതിപാദ്യവിഷയം യേശു, ഞങ്ങളുടെ ഉള്ളടക്കം വചനം, ഞങ്ങളുടെ രീതി ദൈവാത്മാവിന്റെ ശക്തി, ഞങ്ങളുടെ തല്പരത മനുഷ്യർ, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവാനുസൃതമായ പക്വത.

ബാംഗ്ലൂരിലെ ഞങ്ങളുടെ കേന്ദ്രസ്ഥാപനമായ ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ മറ്റ് നിരവധി സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ചിന്റെ സഭകൾ സ്ഥിതി ചെയ്യുന്ന സ്ഥലവിവരങ്ങൾ ലഭിക്കുന്നതിന് ഞങ്ങളുടെ വെബ്സൈറ്റായ www.apcwo.org/locations സന്ദർശിക്കുക. അല്ലെങ്കിൽ www.apcwo.org/locations ലേക്ക് ഇമെയിൽ അയയ്ക്കുക.

## നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് വന്നു. അവന്റെ പേരാണ് യേശു. തികച്ചും പാപരഹിതമായ ഒരു ജീവിതം താൻ നയിച്ചു. ദൈവം ജഡത്തിൽ യേശുവായി വന്നതുകൊണ്ട് അവൻ പറഞ്ഞും പ്രവർത്തിച്ചും ദൈവമായി നമുക്ക് വെളിപ്പെട്ടു. അവൻ പറഞ്ഞവയെല്ലാം ദൈവത്തിന്റെ യഥാർത്ഥ വാക്കുകളായിരുന്നു. അവൻ ചെയ്ത പ്രവൃത്തികളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ലോകത്തിൽ അനവധി അത്ഭുതങ്ങൾ ചെയ്തു. രോഗികളെയും കഷ്ടതയനുഭവിക്കുന്നവരെയും അവൻ സൗഖ്യമാക്കി. അവൻ കുരുടന് കാഴ്ച നൽകി, ബധിരന് കേൾവി നൽകി, മുടന്തനെ നടക്കുമാറാക്കി. കൂടാതെ എല്ലാ രോഗങ്ങളെയും ബാധകളെയും അവൻ സൗഖ്യമാക്കി. അവൻ അപ്പത്തെ അത്ഭുതകരമായി വർദ്ധിപ്പിച്ച് ബഹുജനത്തിന് വിശപ്പകറ്റുകയും, കൊടുങ്കാറ്റിന്റെ ശൗര്യത്തെ ശമിപ്പിക്കുകയും മറ്റനവധി അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിക്കുകയും ചെയ്തു.

ദൈവത്തിന്റെ ഇവ്വിധമുള്ള എല്ലാ പ്രവൃത്തികളും, മനുഷ്യരെല്ലാവരും ആരോഗ്യത്തോടും സന്തോഷത്തോടും സുഖമായും ഇരിക്കേണമെന്നാണ് അവൻ ആഗ്രഹിക്കുന്നതെന്ന കാര്യം വെളിപ്പെടുത്തുകയാണ്.

അപ്പോൾ എന്തകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് ഇറങ്ങിവരേണമെന്ന് തീരുമാനിച്ചത്? എന്തിനാണ് യേശു വന്നത്?

നമ്മെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ മുമ്പാകെ ദൈവത്തിന് സ്വീകാര്യമല്ലാത്ത പാപപ്രവൃത്തി നാമെല്ലാവരും ചെയ്തു. പാപത്തിന് അതിന്റെ പരിണിതഫലമുണ്ട്. പാപം എന്നത് ദൈവത്തിന്റേയും നമ്മുടെയും ഇടയ്ക്കുള്ള ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്ന് വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിനും അവനുമായി അർത്ഥവത്തായ ബന്ധം സ്ഥാപിക്കുന്നതും ഇത് തടയുന്നു. അതുകൊണ്ട്, ഈ ശൂന്യത പരിഹരിക്കുന്നതിന് മറ്റു പല കാര്യങ്ങളും ചെയ്യുവാൻ നമ്മിൽ പലരും ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലമാണ് ദൈത്തിൽ നിന്നുള്ള നിത്യമായ വേർപാട്. ദൈവത്തിന്റെ കോടതിയിൽ പാപത്തിന്റെ ശിക്ഷ എന്നത് മരണമാണ്. ശാശ്വതമായി ദൈവത്തിൽ നിന്ന് നരകത്തിൽ വേർപെടുന്നതാണ് മരണം.

എന്നാൽ, സന്തോഷവാർത്ത എന്നത്, നമുക്ക് പാപത്തിൽ നിന്ന് രക്ഷപ്പെടുവാനും ദൈവീക ബന്ധത്തോട് പൂർവ്വസ്ഥിതിയിലേക്ക് ആകുവാനും സാധിക്കും എന്നതാണ്. ബൈബിൾ പറയുന്നത്, "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23). യേശു ക്രൂശിൽ മരണം വരിച്ചപ്പോൾത്തന്നെ മുഴുലോകത്തിന്റേയും പാപത്തിന് മറുവില നൽകിക്കഴിഞ്ഞു. മൂന്ന് ദിനങ്ങൾക്ക് ശേഷം അവൻ ഉയർത്തെഴുന്നേൽക്കുകയും അനേകർക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയശേഷം സ്വർഗ്ഗത്തിലേക്ക് പോകുകയും ചെയ്തു.

ദൈവം സ്നേഹത്തിന്റേയും കരുണയുടെയും ദൈവമാണ്. ഒരു മനുഷ്യനും നരകത്തിൽ നഷ്ടപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല. ആയതിനാൽ അവൻ വന്ന് മാനുഷകുലത്തിന് മുഴുവൻ പാപപരിഹാരത്തിനുള്ള വഴി ഒരുക്കുകയും എന്നേയ്ക്കുമുള്ള അതിന്റെ ഫലം അനുഭവിക്കുവാൻ ഇടയാക്കുകയും ചെയ്തു. അവൻ എന്നെയും നിങ്ങളെയും പോലെയുള്ള പാപികളെ നിത്യമായ മരണത്തിൽ നിന്ന് രക്ഷിപ്പാനാണ് വന്നത്.

ഈ സൗജന്യമായ പാപക്ഷമ സ്വീകരിക്കുവാൻ നാം ഒരു കാര്യം മാത്രം ചെയ്യുവാനാണ് ബൈബിൾ ആവശ്യപ്പെടുന്നത്–"അവനിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (അ.പ്രവർത്തികൾ 10:43).

"യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ താങ്കൾക്കും പാപക്ഷമയും ശുദ്ധീകരണവും സ്വീകരിക്കുവാൻ കഴിയും.

താഴെ കാണുന്ന വിധം ലളിതമായ ഒരു പ്രാർത്ഥന കഴിച്ചാൽ കർത്താവായ യേശുക്രിസ്തു താങ്കൾക്കുവേണ്ടി ക്രൂശിൽ നിവർത്തിച്ചത് എന്തെന്ന് അറിയുവാനും അവനിൽ വിശ്വസിക്കുവാനുള്ള തീരുമാനവും എടുക്കുവാൻ സഹായകമാകും. ഈ പ്രാർത്ഥനയിലൂടെ, താങ്കൾക്കുവേണ്ടി യേശു ചെയ്ത കാര്യങ്ങളെ അംഗീകരിപ്പാനും അതിലൂടെ നിങ്ങൾക്ക് പാപക്ഷമയും ശുദ്ധീകരണവും പ്രാപിക്കുവാൻ സാധിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശി മാത്രമാണ്. നിങ്ങളുടേതായ സ്വന്തവാക്കുകളിലും നിങ്ങൾക്ക് പ്രാർത്ഥിക്കാവുന്നതാണ്.

സ്നേഹവാനായ കർത്താവായ യേശുവേ, അവിടുന്ന് എനിക്കുവേണ്ടി ക്രൂശിൽ ചെയ്തത് എന്തെന്ന് ഇന്ന് എനിക്ക് ബോധ്യമായി. അവിടുന്ന് എനിക്കുവേണ്ടിയാണ് മരിച്ചത്, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായാണ് അങ്ങയുടെ വിലയേറിയ രക്തം ഒഴിക്കിയത്, അതുകൊണ്ട് എനിക്ക് പാപക്ഷമ ലഭിക്കും. ബൈബിൾ എന്നോടു പറയുന്നത്, നിങ്ങളിൽ ആരെല്ലാം അങ്ങയിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്നാണ്.

എനിക്കുവേണ്ടി അങ്ങ് ക്രൂശിൽ മരിക്കുകയും മരണത്തിൽ നിന്ന് അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും ഞാൻ അംഗീകരിക്കുകുയും വിശ്വസിക്കുകയും ചെയ്യുന്നു എന്ന് ഞാൻ ഇന്ന് തീരുമാനമെടുക്കുന്നു. എൻറെ നല്ലപ്രവർത്തികൾകൊണ്ട് എനിക്ക് എന്നെത്തന്നെ രക്ഷിക്കുവാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. മാത്രമല്ല ഒരു മനുഷ്യനും അതിന് സാധ്യമല്ല എന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങളുടെ ക്ഷമ നേടിയെടുക്കുവാനും എനിക്ക് സ്വതവേ സാധ്യമല്ല.

അവിടുന്ന് എനിക്കുവേണ്ടി മരിച്ചു എന്നും, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം അവിടുന്ന് വരുത്തി എന്നും, മരണത്തിൽ നിന്നും അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും, ഇന്ന് ഞാൻ വിശ്വസിക്കുകയും വിശ്വാസത്താൽ എന്റെ പാപങ്ങളുടെ ക്ഷമയും വിശുദ്ധീകരണവും ഞാൻ സ്വീകരിക്കുകയും ചെയ്യുന്നു...

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, കൂടുതൽ അറിയുവാനും, അങ്ങയോടു വിശ്വസ്തനായിരിപ്പാനും അവിടുന്ന് എന്നെ സഹായിക്കേണമേ. ആമേൻ.

# All Peoples Church Bible College

## apcbiblecollege.org

ഇന്ത്യയിലെ ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ് & മിനിസ്ട്രി ട്രെയ്നിംഗ് സെന്റെർ (APC-BC) ആത്മനിറവും, പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറഞ്ഞതുമായ അമാനുഷിക ശക്തി ഏറ്റെടുത്ത് ശുശ്രൂഷിക്കുവാനും, അതൊടൊപ്പം ഉപദേശപരമായും ബൗദ്ധികമായും ദൈവവചനം പഠിക്കുവാനും ഉള്ള ഉത്തേജനം നൽകുന്നു. ദൈവവചനത്തെക്കുറിച്ച് ആഴത്തിലുള്ള അവഗാഹവും, ദൈവിക സ്വഭാവം സ്വായത്തമാക്കുവാനും, അടയാളങ്ങളാലും അത്ഭുതങ്ങളാലും പ്രകടമാകുന്ന ശുശ്രൂഷയും പ്രാപ്യമാകുന്നതിലൂടെ ദൈവവേലയെ വളർത്തിയെടുക്കാമെന്നും ഇവയെല്ലാം കർത്താവുമായുള്ള അകമഴിഞ്ഞ ഒരു ബന്ധത്തിലേക്ക് നയിക്കപ്പെടുന്നതിലൂടെ സാധ്യമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

APC-BC യിൽ, പ്രകടമാകേണ്ടുന്ന ദൈവസ്നേഹം സ്വായത്തമാക്കുവാനും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും അമാനുഷികമായ ദൈവപ്രവൃത്തികൾക്കും പ്രത്യേകം ഊന്നൽ നൽകുന്ന വിധത്തിലുമുള്ള അധ്യാപനമാണ് നൽകുന്നത്. ധാരാളം യുവതീയുവാക്കൾ ഇതിനോടകം പരിശീലിപ്പിക്കപ്പെടുകയും അവരിൽ ദൈവവിളി നിറവേറ്റുന്നതിനായി അയയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മൂന്ന് പ്രോഗ്രാമുകളാണ് ഞങ്ങൾ നൽകുന്നത്:

ഒരു വർഷത്തെ Certificate in Theology and Christian Ministry (C.Th.)

രണ്ടു വർഷത്തെ Diploma in Theology and Christian Ministry (Dip.Th.)

മൂന്നു വർഷത്തെ Bachelor in Theology and Christian Ministry (B.Th.)

ദിവസേന വന്നുപോകുന്നവർക്ക് തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ 9:00am - 1:00pm വരെയും, ജോലിയുള്ളവർക്കും, ഗൃഹസ്ഥരായവർക്കും ഉച്ചയ്ക്കു ശേഷം 1 മണിക്കും ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൾക്ക് വെവ്വേറെ താമസ സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ പ്രവൃത്തി ദിനങ്ങളിലും ഉച്ചകഴിഞ്ഞ് 2:00-5:00 വരെയുള്ള സമയങ്ങളിൽ ഫീൽഡ് വർക്കിനും, പ്രത്യേകമായുള്ള സെമിനാറുകൾക്കും, പ്രാർത്ഥന, ആരാധന സമയങ്ങളിലും പഠിതാക്കൾ പങ്കാളികളാകുന്നു. ഉച്ചകഴിഞ്ഞുള്ള സെഷനുകളിൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കാത്തവർ പങ്കെടുക്കേണമെന്ന് നിർബന്ധമില്ല. എല്ലാ വാരാന്ത്യത്തിലും ഓരോ പഠിതാവും ഒന്നോ അതിലധികമോ സഭകളിൽ പങ്കെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.
ഓൺലൈനായി അപേക്ഷിക്കുന്നതിനും കോളേജിൻറെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, പഠനചെലവുകൾ, അപേക്ഷാ ഫോം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ദയവായി സന്ദർശിക്കുക: apcwobiblecollege.org

APC-BC is accredited by the Nations Association for Theological Accreditation (NATA)

യേശുക്രിസ്തുവിൽ വിശ്വാസിക്കുന്നവരെന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ ഒരു പ്രധാന അനുഭവമാണ് ജലസ്നാനം. യേശുക്രിസ്തുവിനെ വിശ്വസിക്കാനും പിന്തുടരാനുമുള്ള തീരുമാനം എടുത്തിട്ടുള്ള നമ്മളെല്ലാവരും ഒരു ഘട്ടത്തിൽ ഈ സുപ്രധാന നടപടി സ്വീകരിക്കും. കർത്താവായ യേശുക്രിസ്തു തന്നെ അനുഗമിക്കാൻ തിരഞ്ഞെടുക്കുന്ന ഏവർക്കും നൽകിയ കൽപ്പനയാണ് ജല സ്നാനം. അതിനാൽ ഈ കല്പന അനുസരിക്കണം. ജലത്തിൽ സ്നാനം സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകുമ്പോൾ ജലസ്നാനത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കാൻ സഹായിക്കുന്നതിന് ദൈവവചനത്തിൽ നിന്നുള്ള ലളിതമായ പഠനമാണിത്.

ജലസ്നാനവുമായി ബന്ധപ്പെട്ട ആറ് പ്രധാന സത്യങ്ങൾ ഞങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു:

1. അനുതാപത്തിന്റെ ഒരു അടയാളം,
2. സകല നീതിയുടേയും നിറവേറ്റൽ,
3. നിങ്ങൾ അവന്റെ ശിഷ്യനാണെന്നതിന്റെ സാക്ഷ്യം,
4. യേശുക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തിന്റെ സാക്ഷ്യം,
5. നിങ്ങൾ യേശുവിനോടൊപ്പമാണെന്നതിന്റെ ഒരു പ്രഖ്യാപനം,
6. നല്ല മനസ്സാക്ഷിയുടെ പ്രതിഭാഷണം

ജലസ്നാനവുമായി ബന്ധപ്പെട്ട് ആളുകൾ ചോദിക്കുന്ന ചില സാധാരണ ചോദ്യങ്ങൾക്കും ഞങ്ങൾ ഉത്തരം നൽകുന്നു.

ആശിഷ് റൈച്ചൂർ

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org